www.malankaralibrary.com



www.malankaralibrary.com



www.malankaralibrary.com

# എന്നെ ദൈവം നടത്തിയ വഴികൾ

ഇത് എന്റെ ജീവിതചരിത്ര വിവരണമല്ല.
ഈ പുസ്തകത്തിന്റെ ടൈറ്റിൽ സൂചിപ്പിക്കുംപോലെ
ദൈവം എന്നെ കൈപിടിച്ചു നടത്തിയ
വഴികളുടെ വിവരണമാണ്.
ഇതിന് എന്നെ സഹായിച്ച ഒരുപാട് പേരുണ്ട്.
പ്രത്യേകിച്ച് നവീകരണ രംഗത്തുള്ള
വൈദികരും അല്മായരും അടക്കം
ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ നിരവധി പേർ,
കൂടാതെ എന്റെ ഭാര്യ ഗ്രേസി, മക്കൾ, സഹോദരങ്ങൾ,
സ്നേഹിതർ, എനിക്കുവേണ്ടി ആത്മാർത്ഥമായി
ജോലി ചെയ്ത എല്ലാ ജോലിക്കാർക്കുമായി
ഈ പുസ്തകം സമർപ്പിക്കുന്നു.

www.malankaralibrary.com





www.malankaralibrary.com





ഏറ്റവും പ്രിയപ്പെട്ട
ജോർജ് ചേട്ടാ, ഗ്രെയ്സി ചേച്ചീ,

40 വർഷങ്ങൾക്കുമുൻപ് പച്ചാളം വിൻസൻഷ്യൻ ആശ്രമത്തിൽ ടി പള്ളിയിൽ ഒരു കരിസ്മാറ്റിക് ധ്യാനത്തിൽ വന്ന് ചേർന്നതും ധ്യാനത്തിൽ സംബന്ധിച്ചതും വീണ്ടും പല പ്രാവശ്യം പ്രാർത്ഥിക്കാനായി വന്നുകൊണ്ടിരുന്നതും രണ്ടുപേരും ഭാഷാവര പ്രാർത്ഥനയ്ക്കായി പ്രത്യേകം പ്രാർത്ഥിപ്പിച്ചതും ഇന്നലെ എന്ന പോലെ എന്റെ മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു. അന്ന് രണ്ടുപേർക്കും ഭാഷാവര പ്രാർത്ഥന ദൈവം നൽകിയതും നന്ദിയോടെ സ്മരിക്കുന്നു. അന്ന് അനേകർ ധ്യാനത്തിൽ സംബന്ധിക്കുവാൻ വരുകയും ദൈവത്തിന്റെ പ്രത്യേക കൃപകൾ സ്വാംശീകരിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. എന്നിരുന്നാലും നിങ്ങൾ രണ്ടുപേരും ധ്യാനത്തിൽ സംബന്ധിക്കുന്നത് ഒരു പ്രത്യേക ദൈവീക തിരഞ്ഞെടുപ്പിന്റെ ഫലമായിരുന്നു.

ഭാവിയിൽ അനേകായിരം കുടുംബങ്ങളേയും അനേകലക്ഷം ജനങ്ങളെയും ക്രിസ്തീയ ആത്മീയതയുടെ മടിത്തട്ടിലേക്കും മാധുര്യത്തിലേക്കും ആനയിക്കുവാൻ വിതയ്ക്കപ്പെട്ട വിത്തായിരുന്നു നിങ്ങൾ.

www.malankaralibrary.com

അതിനായി ദൈവം നിങ്ങളെ അഭിഷേകം ചെയ്തു വേർതിരിച്ചുയർത്തി. കഴിഞ്ഞ 40 വർഷത്തെ അനുഭവങ്ങളും എറണാകുളം മറൈൻഡ്രൈവ് കൺവെൻഷന്റെ ആരംഭം മുതൽ തുടർച്ചയായും തുടർന്ന് രൂപംകൊണ്ട മദ്ധ്യസ്ഥ പ്രാർത്ഥന ശൃംഖലയും ഏറ്റം ഉത്തമമായി കുതിക്കുന്നു. തന്നെയുമല്ല ജോർജ് ചേട്ടന്റെയും ഗ്രെയ്സി ചേച്ചിയുടെയും കുടുംബം മുഴുവൻ ഈ പ്രേഷിത ശൃംഖലയിൽ വിലപ്പെട്ട ശുശ്രൂഷകരായി മാറ്റപ്പെട്ടതും ദൈവത്തിന്റെ കരുതലുള്ള സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും അടയാളവും തെളിവുമാണല്ലോ.

*അനേകായിരം കുടുംബങ്ങളേയും അനേക ലക്ഷം ജനങ്ങളെയും ക്രിസ്തീയ ആത്മീയതയുടെ മടിത്തട്ടിലേക്കും മാധുര്യത്തിലേക്കും ആനയിക്കുവാൻ വിതയ്ക്കപ്പെട്ട വിത്തായിരുന്നു നിങ്ങൾ.*

പി.പി. ജോർജ് ചേട്ടന്റെ നേതൃത്വത്തിൽ എറണാകുളം നഗരത്തിൽ വളർന്നുവന്ന പ്രേഷിത മുന്നേറ്റത്തിന്റെ അത്യന്തം മഹോന്നതമായ ശാശ്വത സ്മാരകമാണ് ചിറ്റൂർ ധ്യാനകേന്ദ്രം.

എത്രയോ ജനലക്ഷങ്ങൾ അവിടെ വന്ന് താമസിച്ച് ദൈവാനുഭവം പ്രാപിച്ചു. ഇത് എറണാകുളത്തിനും കേരളസഭയ്ക്കും ഏറ്റം വലിയ അനുഗ്രഹസ്രോതസ്സാണ്. ഇതിനുവേണ്ടി എത്രയോ പേർ കണ്ണുനീരോടെ സഹകരിച്ച ചിറ്റൂർ ധ്യാനകേന്ദ്രത്തിനും എറണാകുളം അതിരൂപത അംഗീകാരവും അനുമതിയും നൽകി ശുശ്രൂഷകൾക്ക് നേതൃത്വം നൽകാൻ വൈദികരെ നൽകി അനുഗ്രഹിച്ചു. ഈ ധ്യാനകേന്ദ്രത്തിന്റെ എല്ലാ ശുശ്രൂഷകളേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഇപ്പോഴും നിത്യതയിലും ദൈവം നിങ്ങളെ സമ്മാനിച്ച് അനുഗ്രഹിക്കട്ടെ. പ്രവാചക നേതൃത്വം നൽകുന്ന ബഹു. ജോസ് ഉപ്പാണി അച്ചനെയും സഹശുശ്രൂഷകരെയും ഹാർദ്ദവമായി അനുമോദിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

ജോർജ് ചേട്ടന്റെ പ്രേഷിത ശുശ്രൂഷയുടെ 40 വർഷക്കാലത്തെ ദൈവിക നടത്തിപ്പുകൾ രേഖപ്പെടുത്തിയ ഈ ചെറിയ ഗ്രന്ഥം വായനാഭിഷേകവും പരിശുദ്ധാത്മാഭിഷേകവും വായനക്കാർക്ക് പകർന്നുനൽകുന്നു. അഭിനന്ദനങ്ങൾ. ദൈവത്തിന് സ്തുതി.

**വെരി റവ. ഫാ. മാത്യു**
**നായ്ക്കനാംപറമ്പിൽ വി.സി.**

www.malankaralibrary.com



## സങ്കീ. 78, 4-6

"അവരുടെ മക്കളിൽനിന്നു നാം അതു മറച്ചുവയ്ക്കരുത്;
കർത്താവു പ്രവർത്തിച്ച മഹത്തായ കാര്യങ്ങളും
അവിടുത്തെ ശക്തിപ്രഭാവവും അത്ഭുതകൃത്യങ്ങളും
വരുംതലമുറയ്ക്കു വിവരിച്ചുകൊടുക്കണം.
അവിടുന്നു യാക്കോബിനു പ്രമാണങ്ങൾ നൽകി;
ഇസ്രായേലിനു നിയമവും; അതു മക്കളെ പഠിപ്പിക്കാൻ
നമ്മുടെ പിതാക്കന്മാരോട് അവിടുന്ന് ആജ്ഞാപിച്ചു.
വരാനിരിക്കുന്ന തലമുറ, ഇനിയും ജനിച്ചിട്ടില്ലാത്ത മക്കൾ.
അവ അറിയുകയും തങ്ങളുടെ മക്കൾക്ക് അവ
പറഞ്ഞുകൊടുക്കുകയും ചെയ്യും"

## സങ്കീ. 139, 13-16

"അവിടുന്നാണ് എന്റെ അന്തരംഗത്തിന് രൂപം നൽകിയത്.
എന്റെ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു.
ഞാൻ അങ്ങയെ സ്തുതിക്കുന്നു; എന്തെന്നാൽ,
അങ്ങ് എന്നെ വിസ്മയനീയമായി സൃഷ്ടിച്ചു;
അവിടുത്തെ സൃഷ്ടികൾ അത്ഭുതകരമാണ്.
എനിക്കത് നന്നായി അറിയാം. ഞാൻ നിഗൂഢതയിൽ
ഉരുവാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽവച്ച്
സൂക്ഷ്മതയോടെ സൃഷ്ടിക്കപ്പെടുകയും ചെയ്തപ്പോൾ,
എന്റെ രൂപം അങ്ങേയ്ക്ക് അജ്ഞാതമായിരുന്നില്ല.
എനിക്കു രൂപം ലഭിക്കുന്നതിനു മുൻപുതന്നെ,
അവിടുത്തെ കണ്ണുകൾ എന്നെ കണ്ടു"

www.malankaralibrary.com

# 1929

ഞാൻ പീറ്റർ ജോർജ്. പിടിയഞ്ചേരിൽ പീറ്ററിന്റെയും മേരിയുടെയും പത്ത് മക്കളിൽ മൂന്നാമനായി ജനിച്ച പി.പി. ജോർജ്. കുമ്പളത്ത് മൂന്നു വശങ്ങളിലും വയലുകളാൽ ചുറ്റപ്പെട്ട 30 സെന്റ് സ്ഥലം. അതിൽ ഒരു നല്ല വീട്. വലിയ കുടുംബത്തിന്റെ എല്ലാ സന്തോഷങ്ങളും നിറഞ്ഞതായിരുന്നു ഞങ്ങളുടെ ഭവനം. നാല് സഹോദരന്മാരും അഞ്ച് സഹോദരിമാരും. ഒരു സഹോദരി വളരെ നേരത്തേ ഞങ്ങളെ വിട്ടുപിരിഞ്ഞു.



www.malankaralibrary.com

എന്റെ ആത്മീയതയുടെ അടിത്തറ പാകിയത് എന്റെ അപ്പനായിരുന്നു. അപ്പൻ കുർബ്ബാന മുടക്കില്ലായിരുന്നു. അന്ന് ഇന്നത്തെപ്പോലെ മുട്ടിനുമുട്ടിന് പള്ളികളില്ലായിരുന്നു. വയൽവരമ്പിലൂടെ കിലോമീറ്ററുകൾ നടന്നുപോകണം. എന്റെ ചെറുപ്പത്തിൽ അപ്പൻ എന്നെയും കൂടെ കൂട്ടുമായിരുന്നു. എന്റെ ആദ്യകുർബാന സ്വീകരണം കഴിഞ്ഞ ദിവസം അപ്പൻ എന്നെ വിളിച്ചുപറഞ്ഞു. എടാ ജോർജ്ജേ, ഇന്നുമുതൽ നീ എല്ലാ ദിവസവും പള്ളിയിൽ പോകണം. ഈ കുടുംബത്തിനുവേണ്ടി ബലിയർപ്പിച്ചു പ്രാർത്ഥിക്കാൻ. ഇന്ന് ഈ ആത്മകഥ എഴുതുന്ന ഈ ദിവസംവരെ ഞാൻ അത് അനുസരിച്ചു (അസുഖംമൂലം ആശുപത്രിയിൽ കഴിഞ്ഞ ദിവസങ്ങൾ ഒഴികെ).

“വിശ്വാസംവഴി കൃപയാലാണ് നിങ്ങൾ രക്ഷപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്. അതു പ്രവൃത്തികളുടെ ഫലമല്ല. തന്മൂലം ആരും അതിൽ അഹങ്കരിക്കേണ്ടതില്ല. നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത് പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ് (എഫേ. 2: 8-9).

എന്റെ പ്രൈമറി വിദ്യാഭ്യാസം കുമ്പളത്തുതന്നെയായിരുന്നു. ഹൈസ്കൂൾ പഠനം തേവര എസ്.എച്ച്. ഹൈസ്കൂളിൽ നടത്തി. അതിനുശേഷം വെണ്ടുരുത്തിയിലേക്ക് ഞങ്ങളുടെ താമസം മാറി. വെല്ലിംഗ്ടൺ ഐലൻഡിൽനിന്ന് ഹാർബറിലേക്ക് ജോലിക്കാർക്ക് പോകുവാനും വരാനുമുള്ള വഴിയിൽ ഒരു മരപ്പാലമുണ്ടായിരുന്നു. ഒരുപാട് ജോലിക്കാർക്ക് സഞ്ചരിക്കാനുള്ള ഏക വഴിയായിരുന്നു അത്. അപ്പൻ അവിടെ ഒരു ഹോട്ടലാരംഭിച്ചു. 5 വർഷം മാത്രമേ ആ ഹോട്ടൽ നടത്താൻ കഴിഞ്ഞുള്ളൂവെങ്കിലും നല്ല വരുമാനം അതിൽ നിന്നും ലഭിച്ചിരുന്നു. വെണ്ടുരുത്തിയിലെ മുഴുവൻ ഭൂമിയും നേവിക്കുവേണ്ടി ഗവൺമെന്റ് ഏറ്റെടുത്തു. അവിടെ ഉണ്ടായിരുന്ന എല്ലാവരും മറ്റ് സ്ഥലങ്ങളിലേക്ക് മാറിത്താമസിക്കേണ്ടിവന്നു. അങ്ങനെ ഞങ്ങൾ അവിടെനിന്നും താമസം മാറ്റി. പിന്നീട് പെരുമാനൂരിൽ ഹോട്ടൽ ജംഗ്ഷൻ എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിച്ചു. ഇവിടെ താമസിക്കുമ്പോൾ ഞങ്ങൾ എട്ട് മക്കളുടെ വിവാഹം നടന്നു. എന്നാൽ കൊച്ചിൻ ഷിപ്പ്യാർഡിനുവേണ്ടി ആ സ്ഥലവും ഒഴിഞ്ഞുകൊടുക്കേണ്ടിവന്നു.

എസ്.എസ്.എൽ.സി.ക്കുശേഷം ടെലഗ്രാഫി, ബിൽഡിംഗ് ഡ്രോയിംഗ്, എസ്റ്റിമേറ്റിംഗ് സർവേ, എം.ജി.ടി.ഇ. എന്നീ സർട്ടിഫിക്കറ്റ് നേടി. 1955-ഓടെ വിദ്യാഭ്യാസം അവസാനിച്ചു. ഒന്നര വർഷം കൂർഗിലും ബാംഗ്ലൂരുമായി ജോലി ചെയ്തു. പിന്നീട് എറണാകുളം മുൻസിപ്പാലിറ്റിയിൽ ഓവർസിയർ ആയി ജോലികിട്ടി. ഏഴ് കൊല്ലത്തോളം അവിടെ ജോലി ചെയ്തു. വർക്കുകൾ സൂപ്പർവൈസ് ചെയ്യുക, ടൗണിൽ പണിയുന്ന കെട്ടിടങ്ങളുടെ പ്ലാൻ വരയ്ക്കുക, എസ്റ്റിമേറ്റുണ്ടാക്കുക മുതലായവയായിരുന്നു ജോലി.

ധനം സമ്പാദിക്കുന്ന കാര്യത്തിൽ ഞാൻ എപ്പോഴും പിന്നിലായിരുന്നു. കോർപ്പറേഷൻ ഏരിയയിൽ പ്ലാൻ വരച്ചുകൊടുത്ത് പാസ്സാക്കിയെടുത്താലാണ് കെട്ടിടം പണിയാൻ അനുമതി ലഭിക്കുന്നത്. ഞാൻ പ്ലാൻ വരച്ചുകൊടുക്കുമായിരുന്നു. മറ്റുള്ളവർ ആ ജോലിക്ക് നല്ല സംഖ്യ ഈടാക്കും

www.malankaralibrary.com

എന്ന് എനിക്ക് അറിയാമായിരുന്നു. എന്നാൽ ഞാൻ അതിനു ഫീസ് കണക്കുപറഞ്ഞ് മേടിക്കുകയില്ലായിരുന്നു. പ്ലാൻ കൊടുത്തുകഴിയുമ്പോൾ ഉടമസ്ഥൻ എന്തെങ്കിലും പോക്കറ്റിലിട്ടുതരും. അതുകൊണ്ട് ഞാൻ തൃപ്തിപ്പെട്ടിരുന്നു.



*എടാ ജോർജ്ജേ, ഇന്നുമുതൽ നീ എല്ലാ ദിവസവും പള്ളിയിൽ പോകണം. ഈ കുടുംബത്തിനുവേണ്ടി ബലിയർപ്പിച്ചു പ്രാർത്ഥിക്കാൻ. ഇന്ന് ഈ ആത്മകഥ എഴുതുന്ന ഈ ദിവസംവരെ ഞാൻ അത് അനുസരിച്ചു.*



www.malankaralibrary.com

# 1960

“ദൈവമായ കർത്താവു അരുളിച്ചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല, അവനു ചേർന്ന ഇണയെ ഞാൻ നൽകും” (ഉത്പ. 2, 18).

വിവാഹം കഴിക്കാൻ കുറച്ചുകാലം വധുവിനെ അന്വേഷിച്ചു നടന്നു. എനിക്കായി ദൈവം കരുതിയവൾ കുമ്പളങ്ങിയിൽ ജീവിച്ചിരിപ്പുണ്ടെന്ന കാര്യമറിഞ്ഞത് കുറേ അന്വേഷണത്തിനുശേഷമാണ്. പുത്തൻവീട്ടിൽ ജോസഫ് മാസ്റ്ററുടെയും മേരി ടീച്ചറിന്റെയും മകൾ ഗ്രേസിയായിരുന്നു വധു.

“ഉത്തമയായ ഭാര്യയുള്ളവൻ ഭാഗ്യവാൻ, അവന്റെ ആയുസ്സ് ഇരട്ടിക്കും. വിശ്വസ്തയായ ഭാര്യ ഭർത്താവിനെ സന്തോഷിപ്പിക്കുന്നു. അവൻ സമാധാനത്തോടെ ആയുസ്സ് തികയ്ക്കും. ഉത്തമ



www.malankaralibrary.com

യായ ഭാര്യ മഹത്തായ അനുഗ്രഹമാണ്. കർത്താവിനെ ഭയപ്പെടുന്നവർക്കു ലഭിക്കുന്ന ദാനങ്ങളിൽ ഒന്നാണ് അവൾ" (പ്രഭാ. 26:1-3).

1960 ജനുവരി 27-ാം തീയതിയായിരുന്നു വിവാഹം. പെരുമാനൂരിൽനിന്നും ഒരു ബോട്ടിലാണ് കുമ്പളങ്ങിയിലേക്ക് വിവാഹത്തിന് പോയത്. യാത്രയ്ക്കിടയിലുണ്ടായ ചാറ്റൽമഴ ദൈവാനുഗ്രഹത്തിന്റെ പ്രതീകമായി അനുഭവപ്പെട്ടു. വിവാഹ ചടങ്ങുകളും സദ്യയും കഴിഞ്ഞ് വധുവുമായി ബോട്ടിൽ തിരിച്ചുപോന്നു. വീട്ടിൽ അന്ന് വൈകുന്നേരവും രാത്രിയിലുമായി വിവാഹാഘോഷത്തിനു കൊഴുപ്പുകൂട്ടാൻ പല പരിപാടികളും ഉണ്ടായിരുന്നു. സുഹൃത്തുക്കളും സഹോദരങ്ങളും ചേർന്ന് നാടകമവതരിപ്പിച്ചു. വളരെ ഗംഭീരമായിത്തന്നെ വിവാഹാഘോഷം നടന്നു. എന്റെ വിവാഹം നടക്കുന്ന അവസരത്തിൽ കുടുംബത്തിൽ എനിക്ക് മുതിർന്ന സഹോദരിയുടെയും ജ്യേഷ്ഠന്റെയും ഇളയ രണ്ട് സഹോദരിമാരുടെയും വിവാഹം കഴിഞ്ഞിരുന്നു. അതിനുശേഷം കുറച്ചുകാലം കഴിഞ്ഞപ്പോൾ ജ്യേഷ്ഠൻ പള്ളുരുത്തിയിലേക്ക് താമസം മാറ്റി. വീടിനോടു ചേർന്ന് ഒരു കടയും പണിതാണ് അങ്ങോട്ട് മാറിയത്.

മുൻസിപ്പാലിറ്റി ഏരിയയിൽ കെട്ടിടം പണിയണമെങ്കിൽ പ്ലാൻ വരച്ചുകൊടുത്ത് പാസ്സാക്കിയെടുക്കണം. ഇങ്ങനെയുള്ള പ്ലാനുകൾ നിയമാനുസൃതം തന്നെയാണോ എന്നു പരിശോധിക്കുന്ന ജോലിയും ചെയ്തിരുന്നു. പുറത്തുള്ളവർക്കും പ്ലാൻ വരച്ച് കൊടുക്കുമായിരുന്നു. പ്രൈവറ്റായി കെട്ടിടം പണിത് സൂപ്പർവിഷൻ നടത്തുകയും ചെയ്യും. ഇത് നിയമപരമായി തെറ്റാണെന്നറിയാം. എങ്കിലും ഓഫീസിൽ ജോലി ചെയ്യുന്ന എല്ലാവരും ഇതൊക്കെ ചെയ്തിരുന്നു. എങ്കിലും മനഃസാക്ഷി ഈ പ്രവൃത്തി ശരിയല്ലെന്ന് കുറ്റപ്പെടുത്താറുണ്ടായിരുന്നു. ഇത് ഒറ്റയടിക്ക് നിർത്താൻ സാധിക്കുകയില്ല. ശമ്പളംകൊണ്ടുമാത്രം ഒരു കുടുംബം നടത്തിപ്പോകാൻ സാധ്യമല്ലായിരുന്നു. ഇത് ഒഴിവാക്കാൻ പുറത്ത് ജോലിയോ കെട്ടിടത്തിന്റെ പണിയോ വേണം. "നമ്മിൽ പ്രവർത്തിക്കുന്ന ശക്തിയാൽ നാം ചോദിക്കുന്നതിലും ആഗ്രഹിക്കുന്നതിലും വളരെ കൂടുതൽ ചെയ്തുതരാൻ കഴിയുന്ന അവിടത്തേക്ക് സഭയിലും യേശുക്രിസ്തുവിലും തലമുറകളോളം എന്നേക്കും മഹത്വമുണ്ടാകട്ടെ! ആമേൻ" (എഫേ. 3: 20-21).



www.malankaralibrary.com

# 1969

### ജോലി രാജിവയ്ക്കുന്നു

എറണാകുളം മുനിസിപ്പാലിറ്റി കൊച്ചിൻ കോർപ്പറേഷൻ ആയി മാറിയ സമയമായിരുന്നു അത്. ഒരു ദിവസം പച്ചാളത്തു താമസിക്കുന്ന പി.സി. ജോർജ് എന്ന ആൾ ഓഫീസിൽനിന്നും എന്നെ പുറത്തേക്ക് വിളിച്ചു. അയാൾ ബർമാഷെൽ കമ്പനിയുടെ പെട്രോളിയം ഉത്പന്നങ്ങൾ ബാർജ് വഴി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊണ്ടുചെന്നുകൊടുക്കുന്ന ട്രാൻസ്പോർട്ട് കോൺട്രാക്ടേഴ്സ് അംഗം ആയിരുന്നു. റോട്ടറി ക്ലബ്ബിൽ അംഗമായിരുന്ന അയാൾക്ക് നല്ല സാമ്പത്തിക ഭദ്രതയുണ്ടായിരുന്നു. അദ്ദേഹം വലിയൊരാവശ്യവുമായിട്ടാണ് വന്നത്. ബിൽഡിംഗ് വർക്കുകൾ കോൺട്രാക്ട് എടുക്കാൻ അദ്ദേഹത്തിന് താൽപര്യമുണ്ട്. പണം അദ്ദേഹം മുടക്കും. പണി മുഴുവൻ ഞാൻ നോക്കി നടത്തണം. ലാഭത്തിൽ പകുതി (50-50%) എനിക്ക് നൽകും. ഇപ്പോൾ എഫ്.എ.സി.ടി.യിൽ ധാരാളം വർക്ക് നടക്കുന്നുണ്ട്. ഉടനെ ടെൻഡർ ക്വാട്ട് ചെയ്യണം. കോൺട്രാക്ട് വർക്ക് കിട്ടിയാൽ ജോലി രാജിവച്ച് പണി തുടങ്ങണം.

എഫ്.എ.സി.ടി.യിൽ ടെൻഡർ ക്വാട്ട് ചെയ്തു. ഞങ്ങൾക്ക് വർക്ക് കിട്ടി. അദ്ദേഹത്തോടു പറഞ്ഞ വാക്കു പ്രകാരം ഞാൻ ജോലി രാജിവച്ചു. അന്നു കാലത്ത് ഭാര്യയോട് ജോലി രാജിവയ്ക്കുന്ന കാര്യം പറഞ്ഞിരുന്നു. രാജിവച്ച് വീട്ടിലെത്തിയപ്പോൾ അപ്പനും ചേട്ടനും മറ്റ് ബന്ധുക്കളുമൊക്കെ വീട്ടിൽ എന്നെ കാത്തിരിപ്പുണ്ടായിരുന്നു. മുൻകൂട്ടി അവരോട് ഇക്കാര്യം പറഞ്ഞിരുന്നെങ്കിൽ ജോലി രാജിവയ്ക്കാൻ എന്നെ അനുവദിക്കില്ലായിരുന്നു. “എന്തെന്നാൽ, തന്റെ അഭീഷ്ടമനുസരിച്ച് ഇച്ഛിക്കാനും പ്രവർത്തിക്കാനും നിങ്ങളെ ഉത്തേജിപ്പിക്കുന്നത് ദൈവമാണ്” (ഫിലിപ്പി 2:13).

ഈ സംഭവത്തെ ഒരു ദൈവിക ഇടപെടലായിട്ടാണ് ഞാൻ കാണുന്നത്. നിയമവിരുദ്ധമായി പ്ലാൻ വരച്ചുകൊടുക്കുന്നതും സൂപ്പർവിഷൻ നടത്തുന്നതും മനഃസാക്ഷി കുറ്റപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ എങ്ങനെയെങ്കിലും ആ ജോലിയിൽനിന്ന് മാറണമെന്ന് ഞാനാഗ്രഹിച്ചിരുന്നു. മറ്റു പലരും ഇങ്ങനെയൊക്കെ ചെയ്തിരുന്നുവെങ്കിലും അവർക്കൊന്നും കുറ്റബോധമുള്ളതായി തോന്നിയിരുന്നില്ല. പി.സി. ജോർജിന്റെ വരവ് എനിക്കൊരാശ്വാസമായി

www.malankaralibrary.com

ട്ടാണ് അനുഭവപ്പെട്ടത്. മനഃസാക്ഷിയിൽ കുറ്റബോധമില്ലാതെ ഇനിയെന്തെങ്കിലും ചെയ്യാമല്ലോ? "നമ്മുടെ കർത്താവായ യേശു ക്രിസ്തുവഴി നമുക്ക് വിജയം നൽകുന്ന ദൈവത്തിന് നന്ദി. അതിനാൽ, എന്റെ വത്സല സഹോദരരേ, കർത്താവിൽ നിങ്ങളുടെ ജോലി നിഷ്ഫലമല്ലെന്ന് ബോധ്യപ്പെട്ട്, അവിടത്തെ ജോലിയിൽ സദാ അഭിവൃദ്ധി പ്രാപിച്ച് സ്ഥിരചിത്തരും അചഞ്ചലരുമായിരിക്കുവിൻ" (1 കോറി 15:57-58).

*"എന്തെന്നാൽ, തന്റെ അഭീഷ്ട മനുസരിച്ച് ഇച്ഛിക്കാനും പ്രവർത്തിക്കാനും നിങ്ങളെ ഉത്തേജിപ്പിക്കുന്നത് ദൈവമാണ്"*

പി.സി. ജോർജ് എഫ്.എ.സി.ടി.യിൽ ഓഫീസേഴ്സ് ട്രെയിനിങ് ആന്റ് ക്വാർട്ടേഴ്സിന്റെ പണിയും M/s. A.V. Thomas & Com. വെല്ലിംഗ്ടൺ ഐലന്റിൽ ഗോഡൗണും, അങ്ങനെ രണ്ട് കൊല്ലം ഞങ്ങൾ ഒരുമിച്ച് കുറേ പണികൾ ചെയ്തു. അതിനുശേഷം ഞാൻ സ്വന്തമായി കോൺട്രാക്ട് എടുക്കുവാൻ തുടങ്ങി.

പി.സി. ജോർജുമായുള്ള ബിസിനസ് ബന്ധം അവസാനിപ്പിച്ചു. ഇപ്പോൾ പണി നടത്താനാവശ്യമായ ഉപകരണങ്ങൾ (കോൺക്രീറ്റ് മിക്സർ, വൈബ്രേറ്റർ, സെൻട്രിങ് മെറ്റീരിയൽസ്, ലിഫ്റ്റ് മുതലായവ) എനിക്ക് സ്വന്തമായി ഉണ്ടായി. ധാരാളം പണികൾ എനിക്ക് കിട്ടാൻ തുടങ്ങി. കൊള്ള ലാഭമില്ലാതെ പണി നടത്തുന്നതുകൊണ്ടായിരുന്നു അത്.



www.malankaralibrary.com



# 1970

### സ്വന്തമായി ഒരു ഭവനം, അത് ദൈവം തന്നതാണ്

ചില പ്രശ്നങ്ങളാൽ ഞാൻ വീട്ടിൽനിന്നും മാറി താമസിക്കേണ്ടിവന്നു. എന്റെ ഭാര്യ ഗ്രേസിയും ഞാനുമായി നല്ല ഐക്യമുണ്ടായിരുന്നു. ഏതെങ്കിലും അവസരത്തിൽ ഞങ്ങൾ തമ്മിൽ പിണക്കമുണ്ടായാൽ രാത്രി ഉറങ്ങുന്നതിന് മുമ്പ് അത് തീർക്കുമായിരുന്നു. വലിയൊരു കുടുംബമായിരുന്നതുകൊണ്ട് വളരെ സഹനത്തിലൂടെയാണ് ഗ്രേസി കടന്നുപോയിരുന്നത്. ആദ്യകാലങ്ങളിൽ ഇതൊന്നും ഞാനറിഞ്ഞിരുന്നില്ല. ഗ്രേസിയുടെ കുടുംബത്തിൽ ആരും മദ്യപിക്കാറില്ലായിരുന്നു. എന്നാൽ പിതാവിന്റെ സഹോദരന്മാരുടെ ഭവനങ്ങളിൽ മദ്യപിക്കുന്നവർ ഉണ്ടായിരുന്നു. മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ അവരുടെ കുടുംബങ്ങളിൽ നിലനിന്നിരുന്നതുകൊണ്ട് താൻ വിവാഹിതയായി ചെല്ലുന്ന ഭവനത്തിൽ മദ്യപിക്കുന്നവരായി ആരുമുണ്ടാകരുതെന്ന് ഗ്രേസി പ്രാർത്ഥിച്ചിരുന്നു. എന്തായാലും ഭർത്താവ് ഒരിക്കലും മദ്യപിക്കാത്ത ആളായിരിക്കണം എന്ന് പ്രാർത്ഥിച്ചിരുന്നു. എന്നാൽ, വിവാഹത്തിനുശേഷം ഗ്രേസിക്കുണ്ടായ അനുഭവം നേർ വിപരീതമായിരുന്നു. തനിക്ക് കിട്ടിയ ഭർത്താവ് മാത്രമല്ല, എല്ലാവരുംതന്നെ മിക്ക ദിവസങ്ങളിലും മദ്യത്തെ ആഘോഷമാക്കിയിരുന്നു. എന്നാൽ ഭാര്യ ഇതിലൊന്നും പ്രതിഷേധിച്ചിരുന്നില്ല. മാതാവിനോട് നിരന്തരം പ്രാർത്ഥിക്കാൻ തുടങ്ങി. കുടുംബത്തിൽ സാധാരണ കണ്ടുവരുന്ന പല പ്രശ്നങ്ങളും അനുഭവിച്ചെങ്കിലും ഗ്രേസി അതൊന്നും എന്നെ അറിയിച്ചിരുന്നില്ല. എന്റെ ജ്യേഷ്ഠനും അനുജനുമൊക്കെ വിവാഹത്തിന് ശേഷം മാറി താമസിച്ചെങ്കിലും എനിക്ക് അങ്ങനെയൊരുതാൽപര്യം ഉണ്ടായില്ല. അപ്പനെയും അമ്മയെയും ഇട്ടേച്ചുപോകാൻ എനിക്ക് മനസ്സു വന്നില്ലെന്നതാണ് സത്യം.

"പിതാവിനെ ബഹുമാനിക്കുന്നവൻ തന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യുന്നു. അമ്മയെ മഹത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു. പിതാവിനെ ബഹുമാനിക്കുന്നവനെ അവന്റെ മക്കൾ സന്തോഷിപ്പിക്കും. അവന്റെ പ്രാർത്ഥന കർത്താവ് കേൾക്കും. പിതാവിനെ ബഹുമാനിക്കുന്നവൻ ദീർഘകാലം ജീവിക്കും. കർത്താവിനെ അനുസരിക്കുന്നവൻ തന്റെ അമ്മയെ സന്തോഷിപ്പിക്കുന്നു" (പ്രഭാ. 3: 3-6).

www.malankaralibrary.com

അന്നൊരുനാൾ ടി.ഡി.എം. ഹാളിൽ ഒരു നാടകം കാണാൻ ഞാനും എന്റെ കൂട്ടുകാരും ഒരുമിച്ച് കയറി. എന്നാൽ എന്തോ ഒരു അസ്വസ്ഥത തോന്നി. അവിടെ ഇരിക്കാൻ തോന്നുന്നില്ല. ഇന്റർവെൽ ആയപ്പോൾ അവിടെനിന്നും ഞാനിറങ്ങി വീട്ടിലേക്ക് പോന്നു. അതൊരു നല്ല നാടകമായിരുന്നു. കൂടെയുണ്ടായിരുന്നവർ എന്നെ തടഞ്ഞിരുന്നു. വീട്ടിലെത്തിയപ്പോൾ ഭാര്യ വളരെ ദുഃഖിതയായി കാണപ്പെട്ടു. കൂട്ടുകുടുംബങ്ങളിൽ കഴിയുന്നതിന്റെ പ്രശ്നങ്ങൾ. ഞാൻ ചെറുതായി പ്രതിഷേധിച്ചു. മിക്കവാറും ഇങ്ങനെയൊക്കെ സംഭവിക്കാറുണ്ടെന്ന് ഭാര്യ പറഞ്ഞു. ഇക്കാര്യം എന്നോട് പറയാതിരുന്നത് തുടർന്ന് ഉണ്ടായേക്കാമായിരുന്ന ഗുരുതരമായ പ്രശ്നങ്ങൾ ഭയന്നിട്ടാണെന്ന് പറഞ്ഞു. പിറ്റേന്ന് പള്ളുരുത്തിയിൽ താമസിക്കുന്ന ജ്യേഷ്ഠന്റെ അടുക്കൽ ചെന്ന് ഉണ്ടായ കാര്യമെല്ലാം ഞാൻ പറഞ്ഞു. ഇത്രയും കാലം മാറിത്താമസിക്കാത്തതിൽ ജ്യേഷ്ഠൻ അത്ഭുതം പ്രകടിപ്പിക്കുകയാണ് ചെയ്തത്. അന്നുതന്നെ തോപ്പുംപടിയിൽ ഒരു വീട് വാടകയ്ക്ക് എടുത്തു. ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ പുതിയ വീട്ടിൽ താമസവും ആരംഭിച്ചു. കുമ്പളങ്ങിയിൽനിന്ന് ഒരു ജോലിക്കാരിയെ കിട്ടി. (അവർ 26 വർഷം ഞങ്ങളുടെ കൂടെ നിന്നു). ഞങ്ങളുടെ മക്കളെ ഒരമ്മയെപ്പോലെ വളർത്താൻ അവരുടെ പങ്ക് വളരെ വലുതായിരുന്നു. എനിക്ക് അവരോട് വലിയ കടപ്പാടുണ്ട്. അതുകൊണ്ടുതന്നെ അവർക്കൊരു വീടുവച്ചുകൊടുക്കാനും മകളുടെ വിവാഹം നടത്താനും ഞാൻ മുന്നിട്ടിറങ്ങി. മകളുടെ മകളുടെ വിവാഹത്തിനും പ്രധാന പങ്കുവഹിച്ചു.

തോപ്പുംപടിയിൽ താമസിക്കുമ്പോഴാണ് തൊട്ടടുത്ത പറമ്പിൽ 5 സെന്റ് സ്ഥലം വാങ്ങാൻ പറ്റിയത്. എങ്ങനെയെങ്കിലും ഒരു ഭവനമുണ്ടാക്കണമെന്ന ചിന്ത എന്റെ മനസ്സിനെ മദിച്ചുകൊണ്ടിരുന്നു. തോപ്പുംപടിയിൽനിന്നും സൈക്കിളിലാണ് എറണാകുളത്തുള്ള ഓഫീസിലേക്ക് ഞാൻ വന്നുകൊണ്ടിരുന്നത്. ഒരു ദിവസം സൈക്കിളിൽ പോരുമ്പോൾ എന്റെ ക്ലാസ്മേറ്റായിരുന്ന പാറായി തരകൻ കുടുംബത്തിൽപെട്ട സുഹൃത്ത് തന്റെ ഓഫീസിന് മുന്നിലുള്ള ഗേറ്റിൽ നിൽക്കുന്നതു കണ്ടു. ഞങ്ങൾ കുറേക്കാലംകൂടി കാണുകയായിരുന്നു. എറണാകുളം മുനിസിപ്പാലിറ്റിയിൽ ഓവർസിയർ ആണെന്നു പറഞ്ഞപ്പോൾ അയാളുടെ പറമ്പിൽ ഒരു കോമ്പൗണ്ട് വാൾ കെട്ടാൻ ആവശ്യപ്പെട്ടു. രവിപുരത്തായിരുന്നു ആ സ്ഥലം. ആ സ്ഥലം പോയിക്കണ്ട് എസ്റ്റിമേറ്റ് എടുത്തു. ഏതാനും ദിവസങ്ങൾക്കുള്ളിൽ പണിയാരംഭിച്ചു. ആ സ്ഥലത്ത് ഒരു പഴയ വീട് സ്ഥിതിചെയ്തിരുന്നു. അത് പൊളിച്ചു വില്ക്കാൻ പദ്ധതിയുണ്ടെന്ന് തരകൻ പറഞ്ഞു. രാത്രി കിടന്നപ്പോൾ ഞാനിങ്ങനെ ചിന്തിച്ചു: "ആ വീട് വിലയ്ക്ക് വാങ്ങിയാലോ?"

പിറ്റേന്ന് തരകനുമായി സംസാരിച്ചപ്പോൾ എന്റെ ആവശ്യത്തിനാണെങ്കിൽ ഇഷ്ടമുള്ളതു കൊടുക്കാൻ പറഞ്ഞു. മതിൽ കെട്ടുന്നതിനു മുമ്പുതന്നെ അത് പൊളിച്ചു. ഒന്നാന്തരം മര ഉരുപ്പടികളായിരുന്നു ആ വീടിന്റേത്. ഇഷ്ടികയ്ക്കും ഒരു തകരാറുമില്ല. തറയിൽ നിറച്ചിരുന്നത് നല്ല മണലായിരുന്നു. മണൽ എടുത്ത് മതിലിന്റെ പണിക്കുപയോഗിച്ചു. ആ പണി കഴിഞ്ഞപ്പോൾ കോമ്പൗണ്ട് വാളിന്റെ പണി തീർത്ത് അധികം താമസിയാതെ രവിപുരത്ത് അടുത്തുള്ള റോഡിൽ ലോഡ്ജിങ്ങ് ആവശ്യത്തിനായി 14 മുറികളുടെ പണിയും കിട്ടി. തുടർന്ന് വേഗത്തിൽ ആ പണിയും തീർത്തു. എന്റെ വീടിന്റെ പണി തോപ്പുംപടിയിൽ നടന്നിരു

www.malankaralibrary.com

*“എനിക്ക് ദയ തോന്നുന്നവരോട് ഞാൻ ദയ കാണിക്കും; എനിക്ക് അനുകമ്പ തോന്നുന്നവരോട് അനുകമ്പയും.”*

ന്നത് ആറുമാസത്തോടുകൂടി തീർന്നു. പ്രത്യേകമായി ഒരു സംഖ്യയും നീക്കിയിരിപ്പില്ലാതെ ദൈവപരിപാലനയിൽ എല്ലാം ക്രമീകരിച്ചു.

“എനിക്ക് ദയ തോന്നുന്നവരോട് ഞാൻ ദയ കാണിക്കും; എനിക്ക് അനുകമ്പ തോന്നുന്നവരോട് അനുകമ്പയും എന്ന് അവിടന്ന് മോശയോട് അരുളിച്ചെയ്യുന്നു. അതുകൊണ്ട്, മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം.” (റോമാ. 9: 15-16).

വാടകവീട് നല്ല സൗകര്യം ഉണ്ടെങ്കിലും ഓല മേഞ്ഞതായിരുന്നു. പുതിയ 5 സെന്റ് സ്ഥലം വാങ്ങിച്ച് ഒരു വീട് പണിയാനും അതിൽ താമസിപ്പിക്കുവാനും കർത്താവിന് എന്തൊരു തിടുക്കമായിരുന്നു.

യാദൃച്ഛികമായി ഒരു സഹപാഠിയെ കാണുക. വിശേഷം ചോദിച്ച കൂട്ടത്തിൽ ജോലിയെപ്പറ്റി അന്വേഷിക്കുക. കോൺട്രാക്ടർ ആണെന്നറിഞ്ഞപ്പോൾ ഒരു പണി ഏൽപ്പിക്കുക. അവിടെയുള്ള പഴയ വീട് വില്ക്കാനേൽപ്പിക്കുന്നു. അത് നേരിട്ട് വാങ്ങുന്നു. വീടുപണിക്കാവശ്യമായവ അതിൽനിന്നും ലഭിക്കുന്നു. ഒരു സിനിമാക്കഥപോലെ തോന്നും. ദൈവം തിരുമനസ്സായപ്പോൾ സ്വപ്നങ്ങൾ യാഥാർത്ഥ്യമായി. എല്ലാ സമ്പത്തിന്റെയും ഉടയവന് ഇതൊക്കെ നിസ്സാരം മാത്രം. ദൈവത്തിന്റെ ഇടപെടലിന് എത്ര നന്ദി പറഞ്ഞാലാണ് അധികമാകുന്നത്.

എല്ലാ ജോലിക്കാരോടും നല്ല സ്നേഹബന്ധം പുലർത്താൻ എനിക്ക് സാധിച്ചു. അവരുടെ കുടുംബത്തിലെ പ്രത്യേക ആവശ്യങ്ങളിൽ മനസ്സറിഞ്ഞ് സഹായിക്കുമായിരുന്നു. അതുകൊണ്ട് ഒരു നഷ്ടവും എനിക്ക് വന്നില്ല. ഒന്നുമല്ലെങ്കിലും അവരുടെ സ്നേഹവും പ്രാർത്ഥനയും കിട്ടുമല്ലോ. അതൊരു വലിയ കാര്യമല്ലേ! എന്റെ സ്വന്തം ആവശ്യങ്ങളിൽ ദൈവത്തിന്റെ ഇടപെടൽ പലപ്പോഴും ഞാൻ അനുഭവിച്ചിട്ടുണ്ട്. എന്റെ ബാങ്ക് അക്കൗണ്ടിൽ തുക വളരെ ചെറുതായിരിക്കും. പക്ഷേ, അനുദിന കാര്യങ്ങളിൽ വേണ്ടതു തരാൻ കർത്താവ് ഒരു മടിയും കാണിച്ചിട്ടില്ല. സമൃദ്ധമായി ആ കരങ്ങളിൽ ഇരിക്കുമ്പോൾ ഞാനെന്തിന് ആകുലപ്പെടണം?

തോപ്പുംപടിയിൽ താമസിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഞാൻ എഫ്.എ.സി.ടി.യിൽ കോൺട്രാക്ട് പണി നടത്തിയിരുന്നത്. ദിനംപ്രതി സ്കൂട്ടറിൽ തോപ്പുംപടിയിൽനിന്നും ഏലൂർ വരെ പോകുന്നത് ബു

www.malankaralibrary.com

ഢിമുട്ടായി അനുഭവപ്പെട്ടു. ഇടപ്പള്ളിയിൽ നാഷണൽ ഹൈവേയുടെ സമീപത്ത് ത്രികോണാകൃതിയിൽ കിടക്കുന്ന ഒരു സ്ഥലത്തോട് എനിക്ക് താൽപര്യം തോന്നി. ആ സ്ഥലം വാങ്ങി വീടുവച്ച് താമസം തുടങ്ങിയാൽ ഏലൂർക്കുള്ള യാത്രാദൂരം വളരെ കുറയുമല്ലോ എന്ന് തോന്നി. അതിന്റെ ഉടമസ്ഥൻ തൊട്ടടുത്തുതന്നെ താമസിക്കുന്നുണ്ടായിരുന്നു. അവരുമായി സംസാരിച്ചു. സെന്റിന് 1500 രൂപ പ്രകാരം സ്ഥലം വാങ്ങി. താമസിയാതെതന്നെ അവിടെ പണി തുടങ്ങി. മനോഹരമായ ഒരു ഡിസൈനിലായിരുന്നു അതിന്റെ പണി നടത്തിയത്. പണി പൂർത്തിയായപ്പോൾ റോഡിലൂടെ പോകുന്നവർക്കൊക്കെ അതൊരു കാഴ്ചയായി മാറി. പലരും വാഹനം നിർത്തി വീടിന്റെ പടമെടുക്കുന്നത് കാണാമായിരുന്നു. എഫ്.എ.സി.ടി.യിൽ രണ്ടുവർഷം പണി തുടർന്നു. പിന്നീട് എറണാകുളത്ത് വലിയ കെട്ടിടങ്ങളുടെ കോൺട്രാക്ട് ധാരാളം കിട്ടിയതിനാൽ എഫ്.എ.സി.ടി.യുമായുള്ള ബന്ധം നിർത്തി.

പനമ്പിള്ളിനഗറിൽ ഒരു വിദേശ മലയാളിയുടെ ഭവനം പണിത വകയിൽ വലിയ സംഖ്യ നഷ്ടപ്പെട്ടു. 6 മാസംകൊണ്ട് കുറേ പണം ത

*ദൈവം തിരുമനസ്സായപ്പോൾ സ്വപ്നങ്ങൾ യാഥാർത്ഥ്യമായി. എല്ലാ സമ്പത്തിന്റെയും ഉടയവന് ഇതൊക്കെ നിസ്സാരം മാത്രം. ദൈവത്തിന്റെ ഇടപെടലിന് എത്ര നന്ദി പറഞ്ഞാലാണ് അധികമാകുന്നത്..*



www.malankaralibrary.com



രും. ഒന്നര വർഷംകൊണ്ട് മുഴുവൻ തുകയും തീർത്തുതരാമെന്നു പറഞ്ഞിരുന്നു. ഇതിനിടയിൽ വിദേശജോലി അവസാനിപ്പിച്ച് അയാൾ തിരിച്ചുപോന്നു. വിദേശത്തുനിന്നും കുറേ പണം കിട്ടാൻ താമസമുണ്ടെന്നു പറഞ്ഞു. അയാൾ പ്രമേഹരോഗിയായിരുന്നു. വേണ്ട വിധത്തിൽ ചികിത്സ നടത്താതെ മദ്യത്തിൽ മുഴുകി. താമസിയാതെ അയാൾ മരിച്ചു. പണിയുടെ ബിൽ ഞാൻ അയാളെ ഏൽപ്പിച്ചിരുന്നു. കുറേ ദിവസത്തിനുശേഷം അയാളുടെ ഭാര്യാ സഹോദരനോട് പണം ചോദിച്ചപ്പോൾ കണക്ക് നോക്കിയിട്ട് തരാമെന്നു പറഞ്ഞു. ആയിടെ ഞങ്ങൾ കുടുംബമൊന്നാകെ വേളാങ്കണ്ണിയിലേക്ക് യാത്ര പോയി. വീടിന്റെ പണി ഏറെക്കുറെ തീർത്തിരുന്നുവെങ്കിലും കെട്ടിടം അവർക്ക് ഏൽപ്പിച്ചുകൊടുത്തിട്ടില്ലായിരുന്നു. പറമ്പിലെ ഒരു ഷെഡ്ഡിൽ ഒരു തമിഴ് കുടുംബം താമസിച്ചിരുന്നു. പണിസാധനങ്ങളൊക്കെ ആ ഷെഡ്ഡിലായിരുന്നു സൂക്ഷിച്ചിരുന്നത്. ഞങ്ങൾ വേളാങ്കണ്ണിക്കു പോയെന്ന വാർത്തയറിഞ്ഞ് വീടിന്റെ ഉടമസ്ഥർ തമിഴ് കുടുംബത്തെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി അവിടെനിന്ന് രാത്രി ഇറക്കിവിട്ടു. ഷെഡിലുണ്ടായിരുന്ന സാധനങ്ങൾ അയാൾ എവിടെയോ നശിപ്പിച്ചു. ഇതിനും പുറമേ അവർ അവിടെ താമസവും തുടങ്ങി. ഇനി കിട്ടാനുള്ള സംഖ്യ കിട്ടണമെങ്കിൽ കോടതിയിൽ കേസ് കൊടുക്കണമെന്ന ഗതി വന്നു. വിധവയുമായി കേസ് നടത്തുന്നത് അതിലും വലിയ പ്രശ്നം. എല്ലാം ഉപേക്ഷിക്കാൻ തീരുമാനിച്ചു. കിട്ടാനുള്ള തുകയും പണിസാധനങ്ങളുമടക്കം 60000 രൂപയുടെ നഷ്ടം ആ ഒറ്റ ഇടപാടിലുണ്ടായി.

സത്യസന്ധമായി കോൺട്രാക്ട് പണികൾ നടത്തിയിട്ടും പലരുടെയും വഞ്ചനയ്ക്കിരയായ കാര്യം ഇപ്പോൾ മനസ്സിലായിക്കാണുമല്ലോ. ഒരു ധനികനാകുക എന്നതല്ല ദൈവം എന്നിൽനിന്നാഗ്രഹിച്ചതെന്ന് സ്പഷ്ടമാകുന്നു. എന്നിലൂടെ സംഭവിച്ച ശുശ്രൂഷകൾ അനേകം വ്യക്തികൾക്ക് ആവശ്യമായിരുന്നു. ആദ്യ ധ്യാനം കൂടിയ ദിവസം എന്നെത്തന്നെ ദൈവത്തിന് സമർപ്പിച്ചപ്പോൾ അഞ്ചപ്പവും രണ്ടു മീനും കൊടുത്ത ബാലന്റെ അവസ്ഥയിലായിരുന്നു ഞാൻ. കർത്താവതു സമൃദ്ധമാക്കി.

അങ്ങനെയിരിക്കെ ഒരു ദിവസം ഗ്രേസിയുടെ ചേട്ടനും ചേച്ചിയും കൂടി വീട്ടിൽ വന്നു. എറണാകുളത്ത് 12.5 സെന്റ് സ്ഥലം കിട്ടാനുണ്ടെന്ന് പറഞ്ഞു. സെന്റിന് 1500 രൂപയ്ക്ക് കിട്ടും. എറ

www.malankaralibrary.com

ണാകുളം ടൗണിന്റെ മധ്യഭാഗത്തായിരുന്നു ഈ സ്ഥലം. ഇത്ര യും കുറഞ്ഞ തുകയ്ക്ക് സ്ഥലം കിട്ടുമെന്നറിഞ്ഞപ്പോൾ പെട്ടെന്നുതന്നെ അത് കച്ചവടം ചെയ്യണമെന്ന് തോന്നി. അതിന്റെ ഉടമസ്ഥൻ ചാലക്കുടിയിലായിരുന്നു താമസം. അദ്ദേഹത്തിന്റെ മകളുടെ മനസ്സമ്മതം നിശ്ചയിച്ചിരുന്നു. സെന്റിന് 1500-ന് കൊടുക്കാമെന്ന് നേരത്തേ അയാൾ പറഞ്ഞിരുന്നു. ഇപ്പോൾ അത് പോരെന്നും പറഞ്ഞു. എങ്കിലും ഇടനിലയായി നിന്ന ആളുടെ വൈഭവത്താൽ അപ്പോൾത്തന്നെ കച്ചവടം ഉറപ്പിച്ചു. മകളുടെ മനസ്സമ്മതത്തിന് 10,000 രൂപ വേണമെന്ന് പറഞ്ഞു. അതു കൊടുത്തു. വളരെ വേഗംതന്നെ ആധാരം രജിസ്റ്റർ ചെയ്തു.

ഇനി വീടു പണിയണം. പക്ഷേ പണമൊന്നും അവശേഷിച്ചിട്ടില്ല. ഫോർട്ടുകൊച്ചിയിൽ പി.ഡബ്ല്യു.ഡി. ബിൽഡിംഗിന്റെ പണിവകയിൽ കുറച്ച് കമ്പി മടക്കിക്കൊടുക്കാനുണ്ടായിരുന്നത് ഈ സ്ഥലത്താണ് ഇട്ടിരുന്നത്. ഏതാണ്ട് ഒന്നര ടൺ കമ്പി ഉണ്ടായിരുന്നു. ഫൈനൽ ലിസ്റ്റ് ബില്ല് പാസ്സാക്കാൻ കൊടുക്കണമെങ്കിൽ ഇനി 160 ചാക്ക് സിമന്റ് കൂടി എടുക്കണം. ഉടൻതന്നെ അത് എടുത്തുവ



www.malankaralibrary.com

*“വരണ്ട ഭൂമിയിൽ ജലവും ഉണങ്ങിയ നിലത്ത് അരുവികളും ഞാൻ ഒഴുക്കും. നിന്റെ സന്തതികളുടെമേൽ എന്റെ ആത്മാവും നിന്റെ മക്കളുടെ മേൽ എന്റെ അനുഗ്രഹവും ഞാൻ വർഷിക്കും.”*

ച്ചു. പിന്നെ ഒരു രണ്ടുനില വീടിന്റെ പ്ലാൻ പാസ്സാക്കി പണി ആരംഭിച്ചു. കല്ലും മണലും ഇറക്കി ദ്രുതഗതിയിൽ പണി തുടങ്ങി. 6 മാസംകൊണ്ട് 4 ബെഡ്റൂമുള്ള മനോഹരമായ 2 നില ഭവനം തീർത്തു. കുടുംബക്കാരെയും സുഹൃത്തുക്കളെയും വിളിച്ച് ആഘോഷമായി വെഞ്ചരിപ്പ് നടത്തി.

“കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്- നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി. അപ്പോൾ നിങ്ങൾ എന്നെ വിളിച്ചപേക്ഷിക്കും. എന്റെ അടുക്കൽ വന്ന് പ്രാർത്ഥിക്കും. ഞാൻ നിങ്ങളുടെ പ്രാർത്ഥന ശ്രവിക്കും. നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ ഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തും.” (ജെറമി 29:11-13).

ഒരു രൂപയും കരുതിവയ്ക്കാതെ ഭവനത്തിന്റെ പണി തീർക്കാൻ കഴിഞ്ഞത് ഒരത്ഭുതം തന്നെയായിരുന്നു. കമ്പിയുടേയും സിമന്റിന്റേയും തുക ബില്ലിൽനിന്നും പിടിക്കും. ബാക്കി സാധനങ്ങളും പണിക്കൂലിയും കടമെടുത്താണ്. ഇനി അത് വീട്ടണം. പള്ളുരുത്തിയിൽ വാങ്ങിച്ച 12.5 സെന്റ് സ്ഥലം വിറ്റാൽ മാത്രമേ അത് വീട്ടാൻ കഴിയുകയുള്ളൂ. കടക്കാർ ചോദിക്കുന്നതിന് മുമ്പുതന്നെ തിരിച്ച് കൊടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! ദൈവമേ, അതിനുള്ള വഴി കാണിച്ചുതരണമേ. ഹൃദയത്തിൽ തട്ടിയാണ് ഞാൻ പ്രാർത്ഥിച്ചത്. അവിടന്ന് അതിന് ഉത്തരം തന്നു. ഒരാഴ്ചയ്ക്കുള്ളിൽ പള്ളുരുത്തിയിലെ സ്ഥലത്തിന് ആവശ്യക്കാർ വന്നു. പ്രതീക്ഷിച്ചതിനേക്കാൾ കൂടിയ തുകയ്ക്ക് സ്ഥലം കച്ചവടമായി. അങ്ങനെ മറ്റുള്ളവരുടെ മുമ്പിൽ യാതൊരു നാണക്കേടും ഉണ്ടാകാതെ തല ഉയർത്തിപ്പിടിച്ച് നിൽക്കാനുള്ള അനുഗ്രഹം തമ്പുരാൻ തന്നു. ഇനി എവിടെയെങ്കിലും ഒത്തുകിട്ടിയാൽ 10 സെന്റ് സ്ഥലം വാങ്ങാനുള്ള ആഗ്രഹം ഞാൻ ഒരു ബ്രോക്കറോട് പങ്കുവയ്ക്കുകയും ചെയ്തു.

“വരണ്ട ഭൂമിയിൽ ജലവും ഉണങ്ങിയ നിലത്ത് അരുവികളും ഞാൻ ഒഴുക്കും. നിന്റെ സന്തതികളുടെമേൽ എന്റെ ആത്മാവും നിന്റെ മക്കളുടെ മേൽ എന്റെ അനുഗ്രഹവും ഞാൻ വർഷിക്കും.” (ഏശ. 44:3).

www.malankaralibrary.com

# 1975

## കൊച്ചിൻ ഷിപ്പ്യാർഡ്

കൊച്ചിൻ ഷിപ്പ്യാർഡിലെ എന്റെ ആദ്യത്തെ പണി ഷിപ്പ്യാർഡിന്റെ കിഴക്കുവശത്ത് കാണുന്ന 1200 ക്യുബിക് വ്യാപ്തിയുള്ള ഓവർഹെഡ് വാട്ടർ ടാങ്കിന്റെ പണിയും 5000 ക്യുബിക് വ്യാപ്തിയുള്ള അണ്ടർ ഗ്രൗണ്ട് വാട്ടർ ടാങ്കിന്റെ പണിയുമായിരുന്നു. ഗ്രൗണ്ട് ലെവലിൽനിന്നും 110 അടി ഉയരത്തിലായിരുന്നു ഓവർ ഹെഡ് വാട്ടർ ടാങ്ക് പണിയേണ്ടത്. അതത്ര എളുപ്പമുള്ള പണിയായിരുന്നില്ല. ഗ്രൗണ്ടിലുള്ള ടാങ്ക് പണിയാൻ തുടങ്ങി. അതിനു മേൽനോട്ടം വഹിച്ചിരുന്ന വ്യക്തി ഓവർ ഹെഡ് ടാങ്കിന്റെ പണിയുടെ സാധ്യതകൾ പരിശോധിച്ച് എളുപ്പ മാർഗ്ഗം പറഞ്ഞുതന്നു. ഓവർ ഹെഡ് ടാങ്കിന്റെ ഒത്ത അളവിൽ നിലത്ത് സിമന്റുകൊണ്ട് ഫ്ളോർ ചെയ്യുക. അതിൽ ബീം തുടങ്ങിയവയുടെ അളവുകൾ ഈ ഫ്ളോറിൽനിന്ന് അളന്നെടുത്ത് താഴെവച്ച് പലകയും പ്ലൈവുഡുംകൊണ്ട് ചെയ്ത് മുകളിൽ കൊണ്ടുപോയി ഫിറ്റ് ചെയ്ത് വാർക്കാം. അതുപോലെതന്നെ കമ്പി വളച്ചെടുക്കാൻ ഈ ഫ്ളോറിൽ അളന്നെടുത്താൽ മതി. ആ വിധത്തിൽ വളരെ വേഗത്തിൽത്തന്നെ പണി തുടങ്ങി.

ഇതിനിടയിൽ ഈ വർക്ക് സൂപ്പർവൈസ് ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ഇതിനാവശ്യമായ കാസ്റ്റ് അയേൺ പൈപ്പ് വർക്ക് മുഴുവനും അയാളുടെ പരിചയത്തിലുള്ള തൃശൂരിലെ ഒരു സ്ഥാപനത്തിൽ ചെയ്യാമെന്ന് പറഞ്ഞു. അതിന്റെ പണി അവിടെ ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ സമയത്ത് അവർ അത് തീർത്തുതന്നില്ല. ഇത്തരം പണിക്കുള്ള സൗകര്യങ്ങളൊന്നും അവിടെ ഇല്ലെന്നു മനസ്സിലായി. പണി തീരേണ്ട സമയമായി. തീർത്തുകൊടുക്കാൻ പറ്റുന്നുമില്ല.

www.malankaralibrary.com



പിന്നെ ഒരു പരിചയക്കാരനെക്കൊണ്ട് ചീഫ് എഞ്ചിനീയറുടെ അടുത്തുനിന്നും സാവകാശം വാങ്ങി പണി തീർത്തു. കാസ്റ്റ് അയൺ പൈപ്പ് വർക്ക് നടത്താൻ വേറെ വഴി നോക്കേണ്ടിവന്നു. ഇതുമൂലം ഈ പണിയിലൂടെ കിട്ടാമായിരുന്ന ലാഭം നഷ്ടമായി മാറി. മറ്റ് പല പണികൾക്കും സംഭവിച്ചതുപോലെ അദ്ധ്വാനം മാത്രം മിച്ചമെന്ന നില വന്നു. ഷിപ്പ്യാർഡിലെ ചീഫ് എഞ്ചിനീയറുടെ ക്ലാസ്മേറ്റായിരുന്നു തൃശൂരിലെ പൈപ്പ്കോൺട്രാക്ടറുടെ അച്ഛൻ. പിന്നെ അയാൾ വന്ന് റെക്കമെന്റ് ചെയ്തിട്ടാണ് പെനാൽറ്റി ഒഴിവാക്കിയത്. ഷിപ്പ്യാർഡ് സ്റ്റോറിൽനിന്നും കാസ്റ്റ് അയേൺ സോക്കറ്റ് പൈപ്പ് ടൈപ്പെടുത്ത് അതിന്റെ സോക്കറ്റ് മുറിച്ചുമാറ്റി അത് ഉരുക്കി ഫ്ളർജ് ഉണ്ടാക്കി അതിന് പിരി വെട്ടി തുളയിട്ട് ഒരു പൈപ്പിന്റെ അറ്റത്ത് രണ്ട് വശവും ചെയ്തുവരുമ്പോൾ ഭീമമായ നഷ്ടം വന്നുകൊണ്ടിരുന്നു. എനിക്ക് നല്ലൊരു സംഖ്യ ലാഭം പ്രതീക്ഷിച്ച വർക്ക് വളരെ നഷ്ടത്തിൽ കലാശിച്ചു. കൂടുതൽ ലാഭം ലഭിക്കാതിരിക്കാൻ ഒരുപക്ഷേ കർത്താവ് പ്രത്യേകം ശ്രദ്ധിച്ചിരിക്കാം.

“പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ. എന്തെന്നാൽ, അവൻ പരീക്ഷകളെ അതിജീവിച്ചുകഴിയുമ്പോൾ തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവന് ലഭിക്കും” (യാക്കോ. 1:12).

*“പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ. എന്തെന്നാൽ, അവൻ പരീക്ഷകളെ അതിജീവിച്ചുകഴിയുമ്പോൾ തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവന് ലഭിക്കും” (യാക്കോ. 1:12).*



www.malankaralibrary.com





www.malankaralibrary.com





# 1980

**പിയാസ ലോഡ്ജ്**

എറണാകുളം സൗത്തിൽ എവിടെയെങ്കിലും ഒരു ലോഡ്ജ് പണിയണമെന്ന് എനിക്കാഗ്രഹമുണ്ടായിരുന്നു. ഒരു ബ്രോക്കറോട് പറ്റിയ സ്ഥലം കണ്ടാൽ അറിയിക്കണമെന്ന് പറഞ്ഞിരുന്നു. ഈ ബ്രോക്കർ ഒരു ബാറിൽ ഇരിക്കുമ്പോൾ ഒരു സ്ഥലവില്പനയുടെ കാര്യം അയാൾ കേൾക്കുകയും എന്നെ അറിയിക്കുകയും ചെയ്തു. ഏഴര സെന്റ് സ്ഥലമുണ്ടായിരുന്നു. അതിനടുത്തുതന്നെയായിരുന്നു ഉടമസ്ഥൻ താമസിച്ചിരുന്നത്. താമസിയാതെതന്നെ അയാളെ കണ്ടെത്തി. ഉടൻതന്നെ 2000 രൂപ അഡ്വാൻസ് കൊടുത്ത് കരാർ എഴുതി. ഈ കച്ചവടം പുറത്തറിഞ്ഞപ്പോൾ സ്ഥലത്തിന് ആവശ്യക്കാർ കൂടി. കച്ചവടം നടന്നതിനേക്കാൾ വലിയ തുക പലരും എന്നോട് വാഗ്ദാനം ചെയ്തു. ചിലർ ഈ സ്ഥലമുടമയായ നാരായണ മേനോനെ (റിട്ട. പ്രിൻസിപ്പൽ, മഹാരാജാസ് കോളേജ്) സമീപിച്ച് കൂടിയ തുക വാഗ്ദാനം നൽകി. പക്ഷേ അദ്ദേഹം പറഞ്ഞ വാക്കിൽ ഉറച്ചുനിന്നു. മൊത്തം ഏഴേകാൽ സെന്റ് സ്ഥലമുണ്ടായിരുന്നു. ആധാരം രജിസ്റ്റർ ചെയ്തുകഴിഞ്ഞപ്പോൾ 29,000 രൂപ ചെലവായി. അതും അന്നത്തെ നിലവാരത്തേക്കാൾ വളരെ കുറഞ്ഞ വിലയ്ക്ക് കിട്ടുകയും ചെയ്തു. സൗത്ത് റെയിൽവേ സ്റ്റേഷന്റെ മുമ്പിൽ ലോഡ്ജിന് ഏറ്റവും പറ്റിയ സ്ഥലമായിരുന്നു അത്.

വലിയ പണികൾ ഏറ്റെടുത്ത് നടത്തുന്ന ഒരു കോൺട്രാക്ടർ ആണ് ഞാൻ. പക്ഷേ, മിച്ചം പണം ഒന്നും കൈയിലുണ്ടാകുകയില്ല. ഓരോ പണിയിലും ഇത്ര ശതമാനം ലാഭം കിട്ടിയേ തീരൂ എ

www.malankaralibrary.com



ന്നൊന്നും ഞാൻ ചിന്തിച്ചില്ല. കാര്യങ്ങളൊക്കെ ഭംഗിയായി നടക്കണമെന്നേ എനിക്കാഗ്രഹമുണ്ടായിരുന്നുള്ളൂ. കൂടുതൽ ലാഭം കൈവശംവന്നാൽ എന്റെ ആത്മീയത നഷ്ടപ്പെടുമായിരിക്കും. അതിനുള്ള ദൈവത്തിന്റെ കരുതൽ ആയിരിക്കും പല പണികളിലും നഷ്ടമോ അല്ലെങ്കിൽ ഉദ്ദേശിച്ചത്ര ലാഭമോ കിട്ടാതെ വന്നത്. എങ്കിലും ലോഡ്ജിന് സ്ഥലം കിട്ടിയതുപോലെ ദൈവം ചില അനുഗ്രഹങ്ങൾ സമയാസമയങ്ങളിൽ തന്നിരുന്നു.

"അൽപകാലത്തേക്ക് വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്ക് വ്യസനിക്കേണ്ടിവന്നാലും അതിൽ ആനന്ദിക്കുവിൻ. കാരണം, അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണ്ണത്തേക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം. അത് യേശുക്രിസ്തുവിന്റെ പ്രത്യാഗമനത്തിൽ സ്തുതിക്കും മഹത്വത്തിനും ബഹുമാനത്തിനും ഹേതുവായിരിക്കും. അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു. ഇപ്പോൾ കാണുന്നില്ലെങ്കിലും അവനിൽ വിശ്വസിച്ചുകൊണ്ട് അവാച്യവും മഹത്വപൂർണവുമായ സന്തോഷത്തിൽ നിങ്ങൾ മുഴുകുന്നു." (1 പത്രോ. 1: 6-8).



"പിയാസ്" ലോഡ്ജ്
മേയർ പ്രൊഫ: മാത്യു പൈലി
ഉൽഘാടനം ചെയ്തു

എറണാകുളം റെയിൽവേ സ്റ്റേഷനു സമീപം, കൺട്രാക്ടർ പി.പി.ജോർജ്ജിന്റെ ഉടമസ്ഥതയിൽ അത്യാധുനികരീതിയിൽ നിർമ്മിച്ചിട്ടുള്ള "പിയാസ് ലോഡ്ജ്" കൊച്ചി മേയർ പ്രൊഫ: മാത്യു പൈലി ഉൽഘാടനം ചെയ്തു. നേരത്തെ വരാപ്പുഴ ആർച്ചു ബിഷപ്പ് ഡോ: ജോസഫ് കേളന്തറ തിരുമേനി പുതിയ കെട്ടിടത്തിന്റെ ആശീർവാദകർമ്മം നിർവ്വഹിക്കുകയുണ്ടായി.

ലോഡ്ജ് പണിയാൻ വേണ്ട ഒരു പ്ലാൻ ആർക്കിടെക്ടിനെക്കൊണ്ട് വരപ്പിച്ച് മുനിസിപ്പാലിറ്റിയിൽ പാസ്സാക്കാൻ കൊടുത്തു. അതിന്റെ ഒരു കോപ്പി ജി.സി.ഡി.എ.യിൽകൂടി കൊടുക്കണമായിരുന്നു. അവിടെ പ്ലാൻ സമർപ്പിച്ച് പുറത്തിറങ്ങിയപ്പോൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ അദ്ദേഹത്തിന്റെ ക്യാബിനിൽനിന്നും പുറത്തേക്കിറങ്ങി. യാദൃച്ഛികമായി ഞങ്ങൾ തമ്മിൽ കണ്ടുമുട്ടി. അദ്ദേഹം എന്നെ വിളിച്ച് ക്യാബിനിലേക്ക് മടങ്ങി. പനമ്പിള്ളിനഗർ, ഗാന്ധിനഗർ തുടങ്ങിയ സ്ഥലങ്ങളിൽ ജി.സി.ഡി.എ. തുടങ്ങാൻ പോകുന്ന ധാരാളം കെട്ടിടം പണികളെക്കുറിച്ച് പറഞ്ഞു. ജി.സി.ഡി.എ.യിൽ ബിൽഡിംഗ് വർക്ക് നടത്തുന്ന

www.malankaralibrary.com

കോൺട്രാക്ടർമാർ വളരെ കുറവാണ്. എത്ര വർക്ക് വേണമെങ്കിലും തരാമെന്നും പറഞ്ഞു. അദ്ദേഹത്തിന്റെ സഹായത്താൽ ക്വട്ടേഷൻ കൊടുക്കാനുള്ള ലൈസൻസ് രജിസ്റ്റർ ചെയ്തു. പിന്നീട് രണ്ട് വർക്കിനുള്ള ക്വട്ടേഷൻ നൽകി. രണ്ടും പൊട്ടിച്ചപ്പോൾ എനിക്കാണ് വർക്ക് കിട്ടിയത്.

ലോഡ്ജ് പണിയാൻവേണ്ടി മൂന്നുലക്ഷം രൂപ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഈ പണികൾകൂടി നടത്തിയാൽ കുറച്ചുകൂടി പണം കിട്ടും. അതുംകൂടി ചേർത്ത് ലോഡ്ജിന്റെ പണി മുഴുവനായി തീർക്കാമെന്ന് തീരുമാനിച്ചു. അസംസ്കൃത സാധനങ്ങൾക്ക് പ്രതീക്ഷിച്ചതിനേക്കാൾ വിലക്കയറ്റം ഉണ്ടായി. തൊഴിലാളികൾ പല പ്രശ്നങ്ങളും ഉണ്ടാക്കി. കെട്ടിടം പണിക്ക് മാത്രമായി ഒരു തൊഴിലാളി യൂണിയൻ പ്രവർത്തനം തുടങ്ങിയിരുന്നു. വേറെ രണ്ട് കോൺട്രാക്ടർമാർ കൂടി ഉണ്ടായിരുന്നു. അവരും നഷ്ടത്തിന്റെ പാതയിലാണ് ഓടിയിരുന്നത്. അവരിൽ ഒരാൾക്ക് മാനസികരോഗമായി. മറ്റെയാൾ സ്വന്തം ഭൂമി വിറ്റ് പണി തീർത്തു.





www.malankaralibrary.com

എന്റെ പണി ആയപ്പോൾത്തന്നെ ബാങ്കിലുണ്ടായിരുന്ന മൂന്നു ലക്ഷത്തിനു പുറമേ 2.5 ലക്ഷം രൂപകൂടി കടമെടുക്കേണ്ടിയും വന്നു. ഞാനും ഭാര്യയും പ്രാർത്ഥനയിൽ ഉറച്ചുനിന്നു. തികച്ചും തകർന്നുപോയേക്കാവുന്ന അവസരങ്ങളായിരുന്നു അത്. ദൈവം എന്തെങ്കിലുമൊരു വഴി കാണിക്കാതിരിക്കുമോ? അങ്ങനെയിരിക്കുമ്പോഴാണ് ബാങ്ക് ഓഫ് കൊച്ചിന്റെ 12 നില കെട്ടിടത്തിന്റെ പണി എനിക്ക് കിട്ടുന്നത്. പിന്നെ സരിത, സവിത, സംഗീത എന്ന വൺ ഇൻ ത്രീ തീയേറ്റർ കോംപ്ലക്സിന്റെ പണിയും എനിക്ക് കിട്ടി. രണ്ട് ജോലികളും എന്നെ വിളിച്ചുതന്നതാണ്. ജി.സി.ഡി.എ.യുടെ പണി തീർത്തപ്പോൾ ഉണ്ടായ നഷ്ടം മറ്റ് പണികളിലൂടെ നികത്താൻ കഴിഞ്ഞു. എന്നാലും ലോഡ്ജ് പണിക്കുള്ള പണമില്ല. ഇനി ലോഡ്ജ് പണിയാൻ മാർഗമൊന്നുമില്ല. അതൊരു സ്വപ്നമായി അവശേഷിച്ചു. മക്കളുടെ കാലത്ത് അവർ ചെയ്യട്ടെ. രണ്ട് ലക്ഷം രൂപയുടെ കടം ബാങ്കിൽ ബാക്കിനിൽക്കുന്നു.

എന്നാൽ കുറച്ചുകാലം കഴിഞ്ഞപ്പോൾ എന്റെ മനസ്സിൽ ചില ചിന്തകൾ കടന്നുവന്നു. ഒരു നിലയെങ്കിലും പണിതില്ലെങ്കിൽ അവർ താൽപര്യം കാണിക്കാതിരുന്നാലോ? പ്ലാൻ

*പണി തുടങ്ങിക്കഴിഞ്ഞപ്പോൾ പിന്നെ മുടക്കം വന്നില്ല. ഫൗണ്ടേഷന് ശേഷം ഒരു നില, രണ്ടുനില, മൂന്നുനില, തുടർന്ന് നാലു നിലയും. രണ്ടുവർഷംകൊണ്ട് പൂർത്തിയായി.*



www.malankaralibrary.com

പാസ്സാക്കി വച്ചിരുന്നതായിരുന്നു. കൈവശം പണമില്ലതാനും. രണ്ടും കല്പിച്ച് പണിയാൻ തീരുമാനമെടുത്തു. ഞാനും ഭാര്യയും എല്ലാ ദിവസവും കുർബാനയിൽ ഈ കാര്യം സമർപ്പിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പണി തുടങ്ങിക്കഴിഞ്ഞപ്പോൾ പിന്നെ മുടക്കം വന്നില്ല. ഫൗണ്ടേഷന് ശേഷം ഒരു നില, രണ്ടുനില, മൂന്നുനില, തുടർന്ന് നാലു നിലയും. രണ്ടുവർഷംകൊണ്ട് പൂർത്തിയായി. ഫർണിഷിംഗിന് രണ്ട് ലക്ഷം രൂപ മറ്റൊരു ബാങ്കിൽനിന്ന് കടമെടുക്കേണ്ടിവന്നു. കാഴ്ചയിൽത്തന്നെ മനോഹരമായ കെട്ടിടമായിരുന്നു അത്. മികച്ച നിലവാരവും അതിനുണ്ടായിരുന്നു. 1982 മേയ് 31-ന് അതിന്റെ ഉദ്ഘാടനം കോർപ്പറേഷൻ മേയർ നടത്തി. ആർച്ച്ബിഷപ്പ് ജോസഫ് കേളന്തറയാണ് വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചത്. എല്ലാ നിലകളിലേയും എല്ലാ മുറികളും വെഞ്ചരിച്ചിരുന്നു. ഇതിന്റെ പണിയിലും നടത്തിപ്പിലും ഈശോയും മാതാവും ഇടപെട്ടിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.



www.malankaralibrary.com







www.malankaralibrary.com

*“നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി നമുക്ക് വിജയം നൽകുന്ന ദൈവത്തിന് നന്ദി. അതിനാൽ, എന്റെ വത്സല സഹോദരരേ, കർത്താവിൽ നിങ്ങളുടെ ജോലി നിഷ്ഫലമല്ലെന്നു ബോധ്യപ്പെട്ട് അവിടത്തെ ജോലിയിൽ സദാ അഭിവൃദ്ധി പ്രാപിച്ച് സ്ഥിരചിത്തരും അചഞ്ചലരുമായിരിക്കുവിൻ”*

**നഷ്ടത്തിന്റെ മറ്റൊരു മുഖം**

എനിക്ക് എറണാകുളത്ത് തന്നെ ധാരാളം വർക്കുകൾ കിട്ടിയിരുന്നു. അപ്പോൾ പെരുമ്പാവൂരിൽ ഐരാപുരത്ത് നമ്പൂതിരിമാരുടെ വക ഒരു കോളേജിന്റെ പണി വന്നത്. അതിന്റെ ടെൻഡർ വിളിച്ചിരുന്നു. ഒരു കോളേജ് വർക്ക് എന്നു പറയുമ്പോൾ ഒരു വലിയ പണി തന്നെയാണ്. ഒരു കൊല്ലംകൊണ്ട് പണി തീർത്തുകൊടുക്കണം. പിറ്റേവർഷം അവിടെ ക്ലാസ്സ് തുടങ്ങേണ്ടതാണ്. ഓരോ ബില്ലും ഒരു ലക്ഷത്തിൽ കൂടുതലായിരിക്കണമെന്ന് വ്യവസ്ഥ വച്ചിരുന്നു. കല്ലും മണലും സിമന്റും കമ്പിയുമൊക്കെക്കൊണ്ട് ചെന്നിറക്കി പണി ഊർജിതമായി തുടർന്നു. ആദ്യത്തെ ബിൽതന്നെ ഒന്നര ലക്ഷത്തിന് മുകളിലായിരുന്നു. പണം തന്നില്ല. പതിനായിരം രൂപ തന്നു. കോടിക്കണക്കിന് ഡൊണേഷൻ വരുവാനുണ്ട്. അതിന്റെ കാര്യങ്ങൾ ഉടൻ നിറവേറും. ആയതുകൊണ്ട് പണികൾ ധൃതിയിൽത്തന്നെ നടക്കട്ടെ. ഏതെങ്കിലും ഒന്നു വന്നാൽ മാത്രം മതി. എല്ലാ പണികളും തീർക്കാൻ മതിയാകും. പിന്നെ അയ്യായിരം രൂപ തന്നു. ഇറക്കിയ സാധനങ്ങൾ തിരിച്ചുകൊണ്ടുവരാനും നിവൃത്തിയില്ലാതായി. വിൽക്കാൻ നോക്കിയിട്ട് ആർക്കും വേണ്ടതാനും. വേറെ വഴികളൊന്നും ഇല്ലെന്നു കണ്ടപ്പോൾ കുറേശ്ശെ പണി തുടർന്നു. ചെറിയ സംഖ്യയായിട്ടാണ് പണം ലഭിച്ചുകൊണ്ടിരുന്നത്. ടെൻഡർ എടുത്ത് മറ്റ് പണികളെ ബാധിക്കാനും തുടങ്ങി. ഒന്നര വർഷംകൊണ്ട് പണികൾ തീർത്തുകൊടുത്തു. അപ്പോഴാണ് കോളേജിലേക്ക് സ്റ്റാഫിനെ നിയമിച്ചുകിട്ടിയ തുകയിൽനിന്ന് എനിക്ക് കുറേ കാശ് തന്നത്. പിന്നെയും ഗണ്യമായ തുക കിട്ടാനുണ്ടായിരുന്നു. പല പ്രാവശ്യം പണത്തിന് ചെന്നിട്ടും ഫലമൊന്നുമുണ്ടായില്ല. അവസാനം അതും നഷ്ടത്തിന്റെ കണക്കിലേക്ക് വകയിരുത്തി.

“നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി നമുക്ക് വിജയം നൽകുന്ന ദൈവത്തിന് നന്ദി. അതിനാൽ, എന്റെ വത്സല സഹോദരരേ, കർത്താവിൽ നിങ്ങളുടെ ജോലി നിഷ്ഫലമല്ലെന്നു ബോധ്യപ്പെട്ട് അവിടത്തെ ജോലിയിൽ സദാ അഭിവൃദ്ധി പ്രാപിച്ച് സ്ഥിരചിത്തരും അചഞ്ചലരുമായിരിക്കുവിൻ” (1 കൊറി 15: 57–58).

www.malankaralibrary.com









www.malankaralibrary.com

## സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ

ഞാൻ ചെയ്ത പണികളിൽ എനിക്ക് ഏറ്റവും സംതൃപ്തിയും ദൈവാനുഗ്രഹവും ലഭിച്ചത് പള്ളിയുടെ പണിയിലാണ്. പള്ളി പണിയുമായി ബന്ധപ്പെട്ട് കുറേ രസകരവും ചില വേദനിപ്പിക്കുന്ന അനുഭവങ്ങളും എനിക്കുണ്ടായിട്ടുണ്ട്. അതിൽ വേദനിപ്പിച്ച അനുഭവങ്ങൾ എഴുതാതെ വിടുന്നു. കാരണം അത് മറ്റ് പലരെയും വേദനിപ്പിച്ചേക്കും.

പള്ളിയുടെ ഡിസൈൻ വളരെ പ്രത്യേകതയുള്ളതാണെന്ന് പള്ളി സന്ദർശിച്ചവർക്ക് മനസ്സിലാകും. അതിന്റെ സ്ട്രക്ചർ പണിക്ക് ബോംബെയിലുള്ള ഒരു കമ്പനി 40 ലക്ഷം രൂപയാണ് ക്വാട്ട് ചെയ്തത്. 40 ലക്ഷം രൂപ അന്നത്തെ കാലത്ത് ഇന്നത്തെ 4 കോടിയോ അതിലധികമോ മൂല്യമുണ്ടായിരുന്നു. അതിനാൽത്തന്നെ ഈ ഡിസൈൻ വേണ്ടെന്നുവയ്ക്കാൻ അരമനയിൽ തീരുമാനിച്ചു. അദ്ദേഹം പറഞ്ഞു പണിയുടെ സാങ്കേതിക വശങ്ങളിൽ ഞാൻ സഹായിക്കാം. ജോർജുതന്നെ ഇത് ചെയ്യണം. അങ്ങനെ ഞാൻ പണി ഏറ്റെടുത്തു. ഇതിന് രണ്ട് കോളം മാത്രമേയുള്ളൂ. 'Y' ഷേപ്പിലുള്ള ഇതിന് ഒന്നിന് 25 പൈൽ വീതം ചെയ്തു. നടുക്കുള്ള ഈ രണ്ട് കോളത്തിൽ വേണം ഇതിന്റെ മേൽക്കൂരയുടെ കോൺക്രീറ്റ് മറ്റ് സപ്പോർട്ട് ഒന്നുമില്ലാതെ നിൽക്കാൻ. മറ്റൊരു വലിയ പ്രശ്നം ഇതിന്റെ ഷട്ടറിങ്ങ് ചെയ്യണമെങ്കിൽ നടുഭാഗത്ത് അഞ്ച് സ്റ്റേജ് ആയിട്ടുവേണം മുളയും പലകയും ഉപയോഗിച്ച് ഷട്ടർ അടിക്കാൻ. ഇവിടെ കൊടുത്തിരിക്കുന്ന പടം കാണുമ്പോൾ നിങ്ങൾക്കത് മനസ്സിലാകും. ഇത് കോൺക്രീറ്റ് ചെയ്യേണ്ട ദിവസം രണ്ട് സൈഡിലായി മിക്സർ മെഷീൻ സ്ഥാപിക്കുകയും 48 മണിക്കൂറിലേറെയെടുത്ത് ഏതാണ്ട് 200 പേരുടെ അധ്വാനം വേണ്ടിവന്നു. കോൺക്രീറ്റ് കഴിഞ്ഞ് ഞാൻ ക്ഷീണിച്ച് വീട്ടിൽവന്ന് കിടന്നതുമാത്രം ഓർമ്മയുണ്ട്. ഉറക്കത്തിലേക്ക് വഴുതിവീണു. ഇടയ്ക്കെപ്പോഴോ ഒരു വലിയ ശബ്ദംകേട്ടു. ഞാൻ ചാടിയെഴുന്നേറ്റ് വീട്ടിൽ നിൽക്കുന്ന വേഷത്തിൽത്തന്നെ വണ്ടിയോടിച്ച് പള്ളി പണിയുന്നിടത്തേക്ക് വച്ചുപിടിപ്പിച്ചു. അവിടെ ചെന്നപ്പോൾ കോൺക്രീറ്റ് ചെയ്തത് അതുപോലെതന്നെ നിൽക്കുന്നുണ്ട്. ശബ്ദം ആരോ പടക്കം പൊട്ടിച്ചതാണ്! ഫ്ളോറിംഗ് അടക്കം എല്ലാ പണികളും ഞാൻ തീർത്തത് വെറും 6 ലക്ഷം രൂപയ്ക്ക് (മെറ്റീരിയൽസ് ഇല്ലാതെ).



www.malankaralibrary.com





www.malankaralibrary.com













www.malankaralibrary.com

ഈ പള്ളിയുടെ മാതൃകയിൽ മറ്റൊരു ദേവാലയം നിർമ്മിക്കാൻ ഒരു ശ്രമമുണ്ടായി, ആലുവയിൽ.അതിന്റെ മേൽക്കൂര വാർത്തതിനു ശേഷം തൊഴിലാളികൾക്ക് ഷട്ടർ പൊളിക്കാനായി അകത്തു കടക്കാൻ പേടി. അതുകൊണ്ട് ഷട്ടറുകൾ ഉറപ്പിച്ച കുറ്റികൾ തമ്മിൽ കയർകൊണ്ട് ബന്ധിപ്പിച്ച് പുറത്തുനിന്നും ഒരുമിച്ചു വലിച്ചു. മേൽക്കൂര തകർന്നുവീണു. കാരണം ഇതിന്റെ ലോഡ് ഒരേസമയം ഒരു പോയിന്റിൽ വരരുത്. ഒരു വശത്തുനിന്നും തുടങ്ങി സാവധാനം പൊളിക്കണം. ഇത് അറിയാത്തതുകൊണ്ടാണ് അത് തകർന്നത്. ഇതൊന്നും ഞാൻ എന്റെ മെറിറ്റ് ആയിട്ട് കാണുന്നില്ല. എന്റെ ദൈവാനുഗ്രഹം മാത്രമാണ്.

*ഇതിന്റെ എഞ്ചിനീയർ എന്നെ വന്നുകണ്ട് പണി ഏറ്റെടുക്കാൻ നിർബന്ധിച്ചു. ഞാൻ പറഞ്ഞു, ദയവായി എന്നെ വിട്ടേക്ക്. കാരണം ഒന്നാമത് ഞാനീ ഇടവകക്കാരൻ. രണ്ടാമത് ഇത് വളരെ കോംപ്ലിക്കേറ്റഡ് വർക്കും.*



www.malankaralibrary.com

## ബാങ്ക് ഓഫ് കൊച്ചിൻ
(ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് വാഫ് ഇന്ത്യയുടെ സോണൽ ഓഫീസ്)

കൊച്ചിയിലെ അക്കാലത്തെ ഏറ്റവും ഉയരം കൂടിയ കെട്ടിടം. ഈ കെട്ടിടം പണിയിലൂടെ എനിക്ക് വലിയ ഒരു അംഗീകാരം കിട്ടി. രാഷ്ട്രപതിയിൽനിന്നും ഒരു സ്വർണ്ണമെഡൽ. ആദ്യ നാളുകളിൽ അത് ബാങ്ക് ഓഫ് കൊച്ചിൻ ആയിരുന്നു. പിന്നീട് സ്റ്റേറ്റ് ബാങ്ക് ഏറ്റെടുത്തപ്പോൾ അത് അവരുടെ സോണൽ ഓഫിസായി.





www.malankaralibrary.com

# Major Construction of PP George & Co.

1. Overhead tank 110 ft. high
2. Jos Brothers Building, M.G. Road, Jos Jn.
3. Fire Station Building
4. North Railway Station, Ernakulam
5. GCDA Quarters 80 Nos.
6. Quarters for Paul Abrao Co. 40 Nos.
7. College Building at Airapuram
8. 2 Bunglows of Alappatt Brothers
9. Alappatt Jewellery Showroom, Broadway & M.G. Road
10. Chapel at Lisie Hospital
11. Renewal Centre, Kaloor
12. Catholic Centre, Opp. St. Mary's Baslica
13. Cochin Bank (Now SBI) Marinedrive (12 Storey)
    (The then highest Building, Received Gold medal from the President of India)
14. Saritha Savitha Sangeetha Theatre Complex
15. St. Francis Assisi Cathedral (കപ്പൽ പള്ളി).

ഞാൻ കോൺട്രാക്ട് പണി നിർത്തുമ്പോൾ എറണാകുളത്തു ഒരുപാട് വലിയ കെട്ടിടങ്ങളുടെ പണികൾ തുടങ്ങുന്ന സമയമായിരുന്നു പ്രത്യേകിച്ച് ഫ്ളാറ്റുകളുടെ. ഒരു പണി പോലും ഞാൻ അന്വേഷിച്ചു പോകാതെ എല്ലാം എന്നെ തേടി വന്നിരുന്നതാണെന്നു ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. ഞാൻ ആ പ്രലോഭനത്തിൽ വീണിരുന്നെങ്കിൽ ദൈവവേല എന്നിലൂടെ സംഭവിക്കില്ലായിരുന്നു. മുക്കുവന്മാരായ അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുമ്പോൾ അവരോടു വല ഉപേക്ഷിച്ചു മനുഷരെ പിടിക്കുന്നവരാകാൻ നാഥന്റെ കൂടെ ചെല്ലാൻ ആവശ്യപ്പെട്ടത് എന്റെ ജീവിതത്തിലും നിവൃത്തിയായി. ഞാനും എന്റെ വല ഉപേക്ഷിച്ചു മനുഷ്യരെ പിടിക്കുന്നവനാകാൻ യാത്ര ആരംഭിച്ചു.

www.malankaralibrary.com

# 1981



**പുതുജീവിതത്തിന്റെ മധുരസ്മരണകൾ**

1981 ആഗസ്റ്റ് 10 എന്റെ ജീവിതത്തിലെ ഒരു രജതരേഖയാണ്. അന്നാണ് പത്താം പീയൂസ് ദേവാലയത്തിൽ ബഹു. മാത്യു നായ്ക്കംപറമ്പിലച്ചന്റെ കരിസ്മാറ്റിക് ധ്യാനം ആരംഭിച്ചത്. ഞാനൊരു ധ്യാനം കൂടണമെന്ന് ഭാര്യയ്ക്ക് വലിയ ആഗ്രഹമുണ്ടായിരുന്നു. പ്രസ്തുത കാര്യം നിറവേറ്റുന്നതിന് തീക്ഷ്ണമായ പ്രാർത്ഥനയും നടത്തിയിരുന്നു. ധ്യാനത്തിന്റെ ആദ്യ ദിവസംതന്നെ അതിൽ പങ്കെടുക്കാൻ പോയി. എന്നാൽ കാർ പാർക്ക് ചെയ്യട്ടെ എന്നുപറഞ്ഞ് ഞാൻ ധ്യാനത്തിൽ കൂടാതെ പണി സ്ഥലത്തേക്ക് പോന്നു. ഭാര്യയെ ഞാൻ ദേവാലയത്തിൽ കൊണ്ടുചെന്നാക്കി. ഭാര്യ കാണാതെ തിരിച്ചുപോന്നു. എല്ലാ ദിവസവും പള്ളിയിൽ പോയി ദിവ്യകാരുണ്യം സ്വീകരിക്കുന്നതുകൊണ്ട് ധ്യാനം കൂടേണ്ട ആവശ്യമില്ലെന്നാണ് ഞാൻ കരുതിയത്. ഭാര്യയുടെ നിർബന്ധമാണ് കൂടണമെന്ന തീരുമാനം എടുക്കാൻ കാരണം. ഉച്ചയ്ക്ക് ഭക്ഷണത്തിന് വിട്ടപ്പോൾ എന്നെ കാണായ്കയാൽ ഭാര്യ ഒരു ഓട്ടോറിക്ഷ വിളിച്ച് വീട്ടിലേക്ക് പോന്നു. അപ്പോൾ ഞാൻ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞാനൊരു അത്യാവശ്യത്തിന് പുറത്തുപോയതാണെന്നും ഉച്ചകഴിഞ്ഞ് തീർച്ചയായും ധ്യാനത്തിൽ പങ്കെടുക്കുമെന്നും ആദ്യംതന്നെ ഞാൻ പറഞ്ഞു.

ഉച്ചകഴിഞ്ഞത്തെ സെഷൻ വളരെ ആകർഷകമായി അനുഭവപ്പെട്ടു. അതുകൊണ്ട് പിന്നീടുള്ള 5 ദിവസവും ധ്യാനത്തിൽ പങ്കെടുത്തു. വലിയ പരിവർത്തനമാണ് അത് എന്നിൽ വരുത്തിയത്. ജീവിതത്തിൽ പുതിയ തീരുമാനങ്ങൾ എടുത്തു. ആത്മീയാനുഭൂതികളാൽ എന്റെ ഹൃദയം നിറഞ്ഞു. അവസാനമായി പള്ളിയിൽനിന്നും പുറത്തേക്കിറങ്ങാൻനേരം സക്രാരിയിലേക്ക് നോക്കി ഞാനിങ്ങനെ പറഞ്ഞു: “യേശുവേ! എത്രമാത്രം അനുഗ്രഹങ്ങളാണ് ഈ ധ്യാനത്തിലൂടെ അവിടന്ന് ചൊരിഞ്ഞത്. ഇത് എല്ലാ മനുഷ്യരും അനുഭവിക്കേണ്ടതല്ലേ. ഈ ശുശ്രൂഷയ്ക്ക് എന്നെ വിളിച്ചാൽ ഞാൻ വരാൻ റെഡിയാണ്. ശുശ്രൂഷ ഒന്നും എനിക്കറിയില്ലെങ്കിലും ഞാൻ വരും.”

“നിങ്ങൾ ആദ്യം അവിടത്തെ രാജ്യവും അവിടത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം

www.malankaralibrary.com

മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും" (മത്താ. 6:33).

"ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്; ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളും നിയോഗങ്ങളേയും വിവചിക്കുന്നതുമാണ്" (ഹെബ്രാ. 4:12).

പുറത്തിറങ്ങിയപ്പോൾ പങ്കെടുത്ത ഓരോരുത്തരുടേയും തലയിൽ അച്ചൻ കൈവച്ച് പ്രാർത്ഥിച്ച് വിടുന്നതും കണ്ടു. അതിനുവേണ്ടി ഞാനും ഭാര്യയും അച്ചന്റെ മുമ്പിൽ ചെന്നു. ഭാര്യ പറഞ്ഞു: "എല്ലാ ദിവസവും കുടിക്കുന്ന ആളാണ്, ഒന്ന് കുറച്ചുകിട്ടാൻവേണ്ടി പ്രാർത്ഥിക്കണം." അച്ചന്റെ മറുപടി ഇതായിരുന്നു: "കർത്താവിനോട് പറ ഇനി കുടിക്കില്ലെന്ന്." ഞാൻ കുടിക്കുകയില്ലെന്നു പറയുകയും ചെയ്തു. "ഞാനും സഹോദരങ്ങളും അളിയന്മാരും ചേർന്ന് കുടിക്കുക പതിവാണ്. ഞാൻ മാത്രം അതിൽനിന്ന് ഒഴിഞ്ഞുമാറുക പ്രയാസമാണെന്ന് മനസ്സിലായി. എനിക്ക് കുടിക്കാതിരിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല." "ജോർജിന് കഴിയില്ലായിരിക്കാം, എന്നാൽ കർത്താവിന് അസാധ്യമായിട്ടൊന്നുമില്ല." എനിക്കതിൽ അത്ര വിശ്വാസം വന്നില്ല. എങ്ങനെയാണ് എനിക്ക് കുടിക്കാതിരിക്കാൻ കഴിയുന്നത്. എനിക്ക് 4 സഹോദരന്മാരും 5 അളിയന്മാരുമുണ്ട്. ഞാൻ കുടി നിർത്തി എന്നു





www.malankaralibrary.com

*പിറ്റേന്ന് പണി നടക്കുന്ന സ്ഥലങ്ങളിലൊക്കെ ഞാൻ പോയി നോക്കി. അത്ഭുതം! ഒരു സ്ഥലത്തും ഒരു കുഴപ്പവുമില്ല. 6 ദിവസം ധ്യാനത്തിന് മാറിനിൽക്കുമ്പോൾ പലയിടങ്ങളിലും പണികൾ തകരാറിലാകുമെന്ന എന്റെ ധാരണ തിരുത്തപ്പെട്ടു.*

പറഞ്ഞാൽ അവരെല്ലാവരുംകൂടി എന്നെ കളിയാക്കും. മിക്കവാറും കുപ്പി വാങ്ങുന്നതും എന്റെ ചുമതലയായിരുന്നു.

അച്ചൻ പറഞ്ഞു: "ജോർജിനെക്കൊണ്ട് സാധിക്കുമെന്ന് തോന്നുന്നില്ല. അതുകൊണ്ടാണ് കർത്താവിന് അതേൽപ്പിച്ചുകൊടുക്കാൻ പറഞ്ഞത്. മനസ്സിൽ ഇനി കുടിക്കുകയില്ലെന്ന് തീരുമാനമെടുക്കുക. സാഹചര്യം വരുമ്പോൾ കർത്താവിന് സമർപ്പിക്കുക. എന്നെക്കൊണ്ട് കഴിയുന്നില്ല, അവിടന്ന് എന്നെ ശക്തിപ്പെടുത്തണമേ എന്ന് സ്തുതിച്ച് പ്രാർത്ഥിക്കുക. തീർച്ചയായും കർത്താവ് മാറ്റിത്തരും."

പിറ്റേന്ന് പണി നടക്കുന്ന സ്ഥലങ്ങളിലൊക്കെ ഞാൻ പോയി നോക്കി. അത്ഭുതം! ഒരു സ്ഥലത്തും ഒരു കുഴപ്പവുമില്ല. 6 ദിവസം ധ്യാനത്തിന് മാറിനിൽക്കുമ്പോൾ പലയിടങ്ങളിലും പണികൾ തകരാറിലാകുമെന്ന എന്റെ ധാരണ തിരുത്തപ്പെട്ടു. നമ്മുടെ കഴിവുകൾക്കപ്പുറത്ത് ദൈവത്തിന്റെ കരുതലും പരിപാലനയും അനുഭവിച്ച നിമിഷങ്ങളായിരുന്നു അത്. എന്റെ ആത്മാവിന്റെ കുറവുകൾ കർത്താവിനെ ഏൽപ്പിച്ചപ്പോൾ പണികളുടെ കുറവുകൾ കർത്താവ് ഏറ്റെടുക്കുകയാണുണ്ടായത്. എന്റെ വിശ്വാസത്തെ ഊട്ടിയുറപ്പിക്കുവാൻ ഇത് കാരണമായി.





www.malankaralibrary.com

പണികഴിഞ്ഞ് വീട്ടിലെത്തിയാൽ ഹാളിൽ പേപ്പർ വായിക്കാനിരിക്കുമായിരുന്നു. ഒരു കുപ്പി വെള്ളം സമീപത്തുണ്ട്. സാധാരണഗതിയിൽ മദ്യക്കുപ്പിയും അവിടെ കാണേണ്ടതാണ്. മദ്യത്തോടുള്ള എന്റെ ഉള്ളിലെ ആസക്തി എന്നെ അസ്വസ്ഥനാക്കാൻ തുടങ്ങി. പത്രവായന മുന്നോട്ട് നീങ്ങുന്നില്ല. കഴിഞ്ഞ 21 വർഷം തുടർച്ചയായി മദ്യപിച്ചതാണ്. ഒന്നര കുപ്പി മദ്യം അലമാരയിൽ ഇരിപ്പുണ്ടുതാനും. എന്നാൽ കർത്താവിനോടു പറഞ്ഞ വാഗ്ദാനം എന്റെമേൽ മലപോലെ നിൽക്കുന്നു. സന്ധ്യ കഴിഞ്ഞതേയുള്ളൂ. സാധാരണ പത്തുമണിയോടെയാണ് അത്താഴം കഴിക്കാറുള്ളത്. മദ്യാസക്തി പൂർണമായും വിട്ടുപോയിട്ടില്ലെന്ന് എനിക്ക് മനസ്സിലായി. മനസ്സിന് പിരിമുറുക്കം കൂടിവരുന്നു. ഏതാനും അടികൾക്കപ്പുറത്ത് മദ്യം ഇരിപ്പുണ്ട്. രണ്ടും കല്പിച്ച് അത്താഴം കഴിക്കാൻ തീരുമാനിച്ചു. ഭക്ഷണത്തിനുശേഷം അങ്ങോട്ടും ഇങ്ങോട്ടും നോക്കാതെ ബെഡ്ഡിലേക്കൊരു യാത്ര. സുഖമായി ഉറങ്ങാൻ കഴിഞ്ഞു. നേരം വെളുത്തപ്പോഴാണ് എഴുന്നേറ്റത്. എഴുന്നേറ്റയുടനെ പള്ളിയിൽ പോ യി ദിവ്യബലിയിൽ പങ്കെടുത്തു.

പിറ്റേന്നും ഇതേ അവസ്ഥ തുടർന്നു. എന്നാൽ മൂന്നാം ദിനം ആസക്തി എന്റെമേൽ വിജയം വരിക്കുമോ എന്നു ഞാൻ സംശയിച്ചു. പിടിച്ചുനിൽക്കാൻ പറ്റാത്ത അവസ്ഥ. “ഇതാ ഞാൻ തോറ്റിരിക്കുന്നു.” മദ്യമില്ലാതെ എനിക്ക് ജീവിക്കാൻ കഴിയില്ലെന്ന് മനസ്സിലായി. ശരീരവും മനസ്സും അതിനായി ദാഹിക്കുകയാണ്. മദ്യം ഇരിക്കുന്ന മുറിയിലേക്ക് ഞാൻ ചുവടുവച്ചു. പോകുന്നവഴിയിൽവച്ച് അച്ചൻ പറഞ്ഞ വാക്കുകൾ എന്റെ മനസ്സിലേക്ക് കടന്നുവന്നു. “ജോർജിനെക്കൊണ്ട് ഇത് പറ്റുകയില്ല. പക്ഷേ കർത്താവിന് അസാധ്യമായി ഒന്നുമില്ല.” ഞാൻ മുറിയിൽ കയറി ഇരുന്നു.

ഈശോയുടെ രൂപത്തിൽ എന്റെ കണ്ണുകൾ ഉടക്കി. ഈ രൂപത്തിൽ കൈവച്ച് കണ്ണീരോടെ ഞാൻ പ്രാർത്ഥിച്ചു. “എന്റെ ഈശോയെ, കഴിഞ്ഞ ഒമ്പതു ദിവസമായി ഞാൻ മദ്യം തൊട്ടിട്ട്. എന്നാലിപ്പോൾ എനിക്ക് പിടിച്ചുനിൽക്കാൻ കഴിയുന്നില്ല. ഇപ്പോൾ ഞാൻ കുടിച്ചാൽ ഒരു കാലവും ഇതിൽനിന്ന് എനിക്ക് വിടുതൽ കിട്ടുകയില്ല. എന്നെ രക്ഷിക്കണം ഈശോയെ.” എന്റെ കണ്ണിൽനിന്നും അടർന്നുവീണ കണ്ണീരിലൂടെ എന്നിലുള്ള മദ്യപാനാസക്തി ഒഴുകിപ്പോയി. പിന്നീട് ഇന്നുവരെ 34 വർഷമായി മദ്യപാനവുമായി യാതൊരു ബന്ധവും എനിക്കുണ്ടായിട്ടില്ല. 21 വർഷം സ്ഥിരമായി മദ്യപിച്ചിരുന്ന എന്നെ ആഗ്രഹത്തോടെയുള്ള ഒറ്റ പ്രാർത്ഥനകൊണ്ട് ആ ആസക്തിയിൽനിന്ന് കർത്താവ് വിമോചിപ്പിച്ചു. ദൈവത്തിന് സ്തുതി.

“അവന്റെ വിശ്വാസം അവന്റെ പ്രവൃത്തികളെ സഹായിച്ചുവെന്നും വിശ്വാസം പ്രവൃത്തികളാൽ പൂർണമാക്കപ്പെട്ടുവെന്നും നിങ്ങൾ അറിയുന്നുവല്ലോ” (യാക്കോ. 2: 22).

“ആകയാൽ, സഹോദരരെ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പിക്കുന്നതിൽ കൂടുതൽ ഉത്സാഹമുള്ളവരായിരിക്കുവിൻ. ഇങ്ങനെ ചെയ്താൽ ഒരിക്കലും നിങ്ങൾ വീണുപോവുകയില്ല” (2 പത്രോ. 1:10).

ധ്യാനത്തിനുശേഷം പള്ളിയിൽ പ്രാർത്ഥനാ ഗ്രൂപ്പ് തുടങ്ങാനിടയായി. മദ്യപന്മാരെ അതിൽനിന്നും

www.malankaralibrary.com

*21 വർഷം
സ്ഥിരമായി
മദ്യപിച്ചിരുന്ന എന്നെ
ആഗ്രഹത്തോടെ
യുള്ള ഒറ്റ പ്രാർത്ഥന
കൊണ്ട് ആ
ആസക്തിയിൽനിന്ന്
കർത്താവ്
വിമോചിപ്പിച്ചു.
ദൈവത്തിന് സ്തുതി.*





www.malankaralibrary.com

മോചിപ്പിക്കണമെന്ന ആഗ്രഹം എന്റെ മനസ്സിൽ ഉണ്ടായി. മദ്യപാനംകൊണ്ട് തകർന്നവരെ കണ്ടെത്താനും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും പറ്റുമെങ്കിൽ അവരെ ധ്യാനത്തിനയക്കാനുള്ള ശ്രമവും ആരംഭിച്ചു. ഒരാഴ്ച മാറിനിന്നാൽ വീട്ടുകാര്യം നടക്കില്ലെന്നാണ് അവർ പറയുന്നത്. അങ്ങനെയുള്ളവർക്ക് വീട്ടിലേക്കാവശ്യമായവ വാങ്ങി നൽകി ധ്യാനത്തിന് ഞാൻ കാറിൽ കൊണ്ടുപോയി ആക്കി. പലപ്പോഴും എന്റെ കാറിൽത്തന്നെ അവരെ തിരിച്ചുകൊണ്ടുവന്നിരുന്നു. മുഴുവൻ ചെലവും വഹിക്കേണ്ടിവന്നതിൽ ഒരു മടിയും തോന്നിയിരുന്നില്ല. അങ്ങനെ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിച്ചവർ കൂട്ടുകാരെയും ബന്ധുക്കളെയും ഞങ്ങളെ ഏൽപ്പിക്കാൻ തുടങ്ങി. ഈവിധത്തിൽ അനേകം കുടുംബങ്ങളാണ് രക്ഷ പ്രാപിച്ചത്.

ഞാൻ ധ്യാനം കൂടിയതിനുശേഷം ആറ് മാസം കഴിഞ്ഞ് മാത്യു നായിക്കംപറമ്പിലച്ചൻ ഞങ്ങളെ വിളിച്ചു. അച്ചന്റെ നേതൃത്വത്തിൽ നടത്തുന്ന എല്ലാ കൺവെൻഷനുകളിലും സാക്ഷ്യം പറയണമെന്ന് പറഞ്ഞു. ഇത് വലിയൊരു വഴിത്തിരിവായിരുന്നു. ആത്മീയ വളർച്ചയ്ക്ക് ഏറെ സഹായകരമായി ഇത് മാറി. കേരളത്തിൽ നിരവധി സ്ഥലങ്ങളിൽ സാക്ഷ്യം പറയാനിടയായി. ചില സ്ഥലങ്ങളിൽവച്ച് ആളുകൾ  പറയുമായിരുന്നു: “നിങ്ങളുടെ സാക്ഷ്യം ഇന്ന സ്ഥലത്തുവച്ച് കേട്ടതിനെത്തുടർന്ന് എന്റെ മദ്യപാനാസക്തി പാടെ മാറി” എന്ന്.

പ്രാർത്ഥനാ ഗ്രൂപ്പ് വീട്ടിൽ കൂടിയിരുന്നു. പല പള്ളികളിലും വചനശുശ്രൂഷ നടത്താൻ അവസരമുണ്ടായി. വചന പ്രഘോഷണത്തിന് പുറത്തുനിന്ന് ആളെ വിളിച്ചിരുന്നു. ചില പള്ളികളിൽ 3 ദിവസവും 5 ദിവസവും ധ്യാനം സംഘടിപ്പിച്ചു. കാലത്ത് 9 മണി മുതൽ വൈകീട്ട് 5 മണിവരെയാണ് സാധാരണയായി ധ്യാനം നടത്തുന്നത്. ചെലവിന് സ്തോത്രക്കാഴ്ച എടുക്കും. ചിലവുകഴിഞ്ഞ് കിട്ടുന്ന തുക വികാരിയച്ചനെ ഏൽപ്പിക്കും. ഉച്ചഭക്ഷണം പാകംചെയ്യാൻ പ്രാർത്ഥനാഗ്രൂപ്പിൽ ആളുകളുണ്ടായിരുന്നു.

രാത്രി ഉറങ്ങുന്നതിന് മുമ്പ് ഞാനും ഭാര്യയും എന്നും പ്രാർത്ഥിക്കും. വിവിധ ആവശ്യങ്ങൾക്കായി മധ്യസ്ഥ പ്രാർത്ഥന നടത്തിയിരുന്നു. പ്രാർത്ഥനയുടെ അവസാനം അന്യോന്യം തലയിൽ കരങ്ങൾവച്ച് പ്രാർത്ഥിക്കും. പരസ്പരം സ്നേഹം വർധിക്കുന്നതിന് ദമ്പതികൾ ഇങ്ങനെ പ്രാർത്ഥിക്കുന്നത് നല്ലതാണെന്ന് എനിക്ക് അനുഭവപ്പെട്ടു. അഭിപ്രായ ഐക്യമുണ്ടാക്കാനും ആത്മീയ വളർച്ച നേടുന്നതിനും ഇത് ഉപകരിക്കും.

ബഹു. മാത്യു നായ്ക്കംപറമ്പിലച്ചൻ എറണാകുളം ഭാഗത്ത് വരുകയാണെങ്കിൽ വീട്ടിൽ വരുമായിരുന്നു. അപ്പോഴൊക്കെ എന്റെയും കുടുംബത്തിലെല്ലാവരുടെയും തലയിൽ കൈകൾവച്ച് പ്രാർത്ഥിക്കും. അഞ്ചോ ആറോ സ്ഥലങ്ങളിൽ എനിക്ക് കോൺട്രാക്ട് വർക്കുകൾ ഒരേസമയം ഉണ്ടായിരുന്നു. എങ്കിലും പ്രാർത്ഥനാ ശുശ്രൂഷകൾക്ക് ഒരു മുടക്കവും വരുത്തിയിട്ടില്ല. പോട്ടയിലും സി.ആർ.സി. മഞ്ഞുമ്മലും നടന്നുകൊണ്ടിരുന്ന ഏകദിന ശുശ്രൂഷകളിൽ സ്ഥിരമായി പങ്കെടുക്കുമായിരുന്നു. എന്റെ കാറിൽ പരമാവധി ആളുകളെ കൊണ്ടുപോകാനും പരിശ്ര

www.malankaralibrary.com

*അഞ്ചോ ആറോ സ്ഥലങ്ങളിൽ എനിക്ക് കോൺട്രാക്ട് വർക്കുകൾ ഒരേസമയം ഉണ്ടായിരുന്നു. എങ്കിലും പ്രാർത്ഥനാ ശുശ്രൂഷകൾക്ക് ഒരു മുടക്കവും വരുത്തിയിട്ടില്ല.*

മിച്ചിരുന്നു. അധികം ആളുകളെ കൊണ്ടുപോകാൻ എന്റെ ചെറിയ കാർ മാറ്റി ട്രക്കറാക്കി.

ഞാൻ പണിത കെട്ടിടങ്ങളുടെ ലിസ്റ്റ് നോക്കുമ്പോൾ ഒരു കാര്യം മനസ്സിലാകും, എത്രയോ കോടി രൂപയുടെ സമ്പാദ്യം കൈവശം വരേണ്ടതായിരുന്നു. എന്റെ ടെൻഡറുകൾക്ക് ഒരു മത്സരംപോലും ഉണ്ടാകാറില്ല. ഞാൻ ഒരു പണിയുടെ തുക ക്വാട്ട് ചെയ്യുമ്പോൾ വെറും 10 ശതമാനം ലാഭം മാത്രമേ കണക്കാക്കാറുണ്ടായിരുന്നുള്ളൂ. പണി തീരുമ്പോൾ പല അനാമത്തു ചെലവുകളും ഉണ്ടാകും. ഇത്രയും വലിയ തുകയുടെ പണി നടത്തിയിട്ടും എന്റെ ബാങ്ക് അക്കൗണ്ടിൽ ചെറിയ തുക മാത്രമായിരുന്നു ബാലൻസുണ്ടായിരുന്നത്. ഒന്നും സമ്പാദിക്കാൻ കഴിഞ്ഞില്ലെങ്കിലും ജീവിതം വലിയ ബുദ്ധിമുട്ടില്ലാതെ ദൈവം നടത്തി. എന്റെ സ്ഥാനത്ത് മറ്റ് പല കോൺട്രാക്ടർമാരും ഒരു പണിയുടെ തുക കണക്കാക്കിയിരുന്നത് വർക്കിങ്ങ് ചാർജ് 100% കൂടുതൽ കണക്കാക്കിത്തന്നെയായിരുന്നു. അവിടെയാണ് ഞാൻ 10 ശതമാനം കണക്കാക്കിയത്. അതുകൊണ്ടാകാം ധാരാളം പണികൾ എനിക്ക് ലഭിക്കാനിടയായതും. പണസമ്പാദനത്തിനുള്ള മോഹം എന്നിൽനിന്നും ദൈവം തീർത്തും എടുത്തുകളഞ്ഞിരുന്നു. എനിക്ക് സമ്പാദ്യം കൂടാതെയിരിക്കാൻ ദൈവം എന്നെ അധികം ശ്രദ്ധിച്ചിരുന്നു. സമ്പാദ്യം അവിടന്ന് മുൻകൂട്ടി അറിഞ്ഞിരുന്നു. ഞാൻ ഇടുന്ന തുക കുറവാണെന്ന് എനിക്ക് നന്നായി അറിയാമായിരുന്നു. എങ്കിലും അതിൽ മാറ്റം വരുത്താൻ 35 കൊല്ലത്തെ വർക്കിങ്ങ് കാലങ്ങളിൽ സാധിച്ചില്ല, കർത്താവ് അതിന് സമ്മതം തന്നില്ല.

“കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി” (ജറമി 29:11).

ഒരുപക്ഷേ, സാമ്പത്തികമായി ഞാൻ ഉയർന്ന നിലയിലെത്തിയിരുന്നെങ്കിൽ പിൽക്കാല ജീവിതത്തിൽ സംഭവിച്ച ദൈവിക ശുശ്രൂഷകൾ പലതും നടക്കാനിടയില്ലായിരിക്കും. ഒരു ആത്മീയ തകർച്ചയെത്തന്നെ നേരിടേണ്ടിവന്നേക്കാം. എന്നാൽ, ദൈവം അതിനുള്ള അവസരം തന്നില്ല. എപ്പോഴെങ്കിലും സാമ്പത്തികമാ

www.malankaralibrary.com







*ഞാൻ നവീകരണ ത്തിലേക്ക് വന്നതി നുശേഷം കർത്താവ് എന്റെ ജീവിതത്തിൽ ചെയ്ത അത്ഭുതങ്ങ ളിൽ എടുത്തുപറയേ ണ്ടത് എന്റെ മൂന്ന് മക്കളുടെ വിവാഹം 7 മാസത്തിനുള്ളിൽ ത്തന്നെ നടത്താനായ താണ്.*

www.malankaralibrary.com





യി നേട്ടമുണ്ടാക്കാനുള്ള അവസരങ്ങൾ കടന്നുവരുമ്പോൾ അവ മാറിപ്പോകുന്നത് പലപ്പോഴും അനുഭവപ്പെട്ടിരുന്നു. ചിലപ്പോൾ ഞങ്ങളുടെ ആത്മീയ ജീവിതത്തിന് ആ നേട്ടം തടസ്സമാകുമായിരിക്കും. എല്ലാം മുൻകൂട്ടി അറിയുന്ന നല്ലവനായ ദൈവം അതൊക്കെ വേണ്ടതുപോലെ ക്രമപ്പെടുത്തി. ഒരുവൻ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവ് നശിച്ചാൽ അവനെന്തു പ്രയോജനം?

ഞാൻ നവീകരണത്തിലേക്ക് വന്നതിനുശേഷം കർത്താവ് എന്റെ ജീവിതത്തിൽ ചെയ്ത അത്ഭുതങ്ങളിൽ എടുത്തുപറയേണ്ടത് എന്റെ മൂന്ന് മക്കളുടെ വിവാഹം 7 മാസത്തിനുള്ളിൽത്തന്നെ നടത്താനായതാണ്. മൂത്ത മകളുടെ വിവാഹം 1984 ഡിസംബർ 30-നും ഇളയ മകളുടേത് 1985 ഏപ്രിൽ 28-നും മകന്റേത് 1985 ജൂലൈ 28-നും. അങ്ങനെ ഏഴു മാസത്തിനുള്ളിൽ മൂന്ന് വിവാഹങ്ങൾ!! ഞാൻ കോൺട്രാക്ട് പണികൾ നിർത്തുമ്പോൾ കാര്യമായ ബാങ്ക് ബാലൻസ് ഇല്ലായിരുന്നു. ആ സമയത്താണ് ഇത് നടന്നതെന്നതാണ് ഇതിലെ ഏറ്റവും വലിയ അത്ഭുതം.

www.malankaralibrary.com



# 1993

## മറൈൻഡ്രൈവ് ബൈബിൾ കൺവെൻഷൻ

1993-ൽ ആണ് മറൈൻഡ്രൈവ് കൺവെൻഷൻ തുടങ്ങുന്നത്. ബഹു. മാത്യു നായ്ക്കംപറമ്പിലച്ചനായിരുന്നു കൺവെൻഷന് നേതൃത്വം നൽകിയത്. അത് വലിയ വിജയമായിരുന്നു. ധാരാളം രോഗശാന്തികൾ നടന്നു. വളരെ ചൂടുള്ള അവസരമായിരുന്നെങ്കിലും ധാരാളംപേർ അതിൽ പങ്കെടുത്തു. പന്തൽ നിറഞ്ഞുകവിഞ്ഞ് റോഡും പരിസരം മുഴുവനും ആളുകളെക്കൊണ്ട് നിറഞ്ഞു. വെയിലത്തുനിന്ന് കൺവെൻഷനിൽ സംബന്ധിക്കുന്നതു കണ്ട് അച്ചൻ






www.malankaralibrary.com

*കാലാവസ്ഥപോലും അനുകൂലമായിവരുന്നത് തികഞ്ഞ അത്ഭുതത്തോടെയാണ് ഞങ്ങൾ വീക്ഷിച്ചത്.*

പ്രാർത്ഥിച്ചു. ഒരു മേഘം വന്ന് സൂര്യനെ മറച്ചുകളഞ്ഞു. 5 മണി തീരുംവരെ വെയിലില്ലാതെയാക്കി. കാലാവസ്ഥപോലും അനുകൂലമായിവരുന്നത് തികഞ്ഞ അത്ഭുതത്തോടെയാണ് ഞങ്ങൾ വീക്ഷിച്ചത്. രണ്ടുമൂന്നുവർഷങ്ങൾ ഒഴിച്ചുനിർത്തിയാൽ എല്ലാ വർഷവും കൺവെൻഷൻ മുടങ്ങാതെ ഭംഗിയായി നടക്കുന്നു. ആദിമുതൽ ഇതിന്റെ പിന്നണി പ്രവർത്തകനാകാൻ കഴിഞ്ഞതിൽ ഞാൻ ദൈവത്തിന് നന്ദി പറയുന്നു.

ഈ കൺവെൻഷനു പിന്നണിയിൽ പ്രവർത്തിച്ചവരുടെ പ്രാർത്ഥനാ കൂട്ടായ്മയാണ് ഇടവകകളിൽ ഏകദിന ശുശ്രൂഷകളും 5 പള്ളികളിൽ ദിവസവും മാറിമാറി പ്രാർത്ഥനായോഗങ്ങളും (3 മണി മുതൽ 5 മണിവരെ) ധ്യാനങ്ങളും നടത്താൻ പ്രേരണയായത്. ഇടവകക്കാരെക്കൊണ്ട് വികാരിയച്ചനോട് അനുവാദം വാങ്ങിയിട്ട് 3 ദിവസത്തെയും 5 ദിവസത്തെയും ധ്യാനങ്ങൾ നടത്തിയിരുന്നു. ബ്രദർ ജോസഫ് എന്ന വ്യക്തി ഇക്കാര്യത്തിൽ എന്നെ വളരെയധികം സഹായിച്ചിരുന്നു. പ്രത്യേകിച്ചും വചനശുശ്രൂഷ നടത്തുന്നതിൽ ഇദ്ദേഹത്തിന് പ്രത്യേക കൃപയുണ്ടായിരുന്നു.







www.malankaralibrary.com

# 1995

## ചിറ്റൂരിൽ വസന്തം വിരിയുന്നു

ഏതാണ്ട് ഒരു വർഷത്തോളം ഇങ്ങനെ കടന്നുപോയി. ഗ്രൂപ്പിലുള്ള പലർക്കും ഒരാശയം. ഇങ്ങനെ പലയിടത്തും ഓടിനടന്ന് ശുശ്രൂഷ ചെയ്യുന്നതിനേക്കാൾ സൗകര്യം ഒരു നിശ്ചിത സ്ഥലം കണ്ടുപിടിക്കുകയല്ലേ? പല സ്ഥലങ്ങളിലും അന്വേഷിച്ചു. അവസാനം ചിറ്റൂരിലുള്ള ഒരു സ്ഥലം എല്ലാവർക്കും ഇഷ്ടമായി. 1 ഏക്കർ 4 സെന്റ് സ്ഥലമായിരുന്നു അത്. സെന്റിന് 3000 രൂപ ചോദിച്ചു. കൃഷി ചെയ്യുന്ന വയലായിരുന്നു. ഇളമക്കരയിലുള്ള ഒരു പ്രാർത്ഥനാഗ്രൂപ്പ് ഇതിൽ 36 സെന്റ് എടുക്കാമെന്ന് തീരുമാനിച്ചു. റോഡിനോടു ചേർന്നുള്ളതാകയാൽ, അതിന് 7000 രൂപ വിലയിട്ടു. അങ്ങനെ 36 സെന്റിന് 4000 രൂപ പ്രകാരം 1,44,000 രൂപ കിട്ടി. ഞങ്ങൾ 8 പേർ 18,000 രൂപ വീതം എടുത്താണ് ഈ സ്ഥലം വാങ്ങിയത്. ഈ സ്ഥലം നികത്താൻ വീണ്ടും പണം മുടക്കേണ്ടിവന്നു.

പ്രാർത്ഥനയിൽ, ഇവിടെ ശക്തമായൊരു പ്രാർത്ഥനാലയം ഉയർന്നുവരുമെന്ന് ബോധ്യം ലഭിച്ചതിനാൽ കർത്താവ് ആരിലൂടെയെങ്കിലും ഇത് നിറവേറ്റുമെന്ന് ഞങ്ങൾക്ക് വിശ്വാസമായി. ദിനംപ്രതി 5 പള്ളികളിൽ മാറിമാറി ഏകദിന ശുശ്രൂഷകൾ നടക്കുന്നുണ്ടായിരുന്നു. അവിടെ പങ്കെടുക്കുന്നവരോട് കാര്യങ്ങൾ വ്യക്തമാക്കി. ശുശ്രൂഷയ്ക്കിടെ ദിവസവും സ്തോത്രക്കാഴ്ച എടുക്കാൻ തുടങ്ങി. ഒന്നര മാസംകൊണ്ട് 10000 രൂപ കിട്ടി. അതുകൊണ്ട് ഷെഡ് കെട്ടാൻ തീരുമാനിച്ചു. പിറ്റേ ആഴ്ച ഒരു ദിവസം അതിനായി നിശ്ചയിച്ചു. ശുശ്രൂഷ നടക്കുന്ന പള്ളികളിൽനിന്നും എല്ലാവരെയും ക്ഷണിച്ചു. 100 പേരോളം പങ്കെടുത്തു. എല്ലാവരും ചേർന്ന് പ്രാർത്ഥന നടത്തി. ഫൗണ്ടേഷനുള്ള കല്ല് ഞാനും ബ്രദർ ജോസഫും കൂട്ടത്തിൽ ഏറ്റവും പ്രായമുള്ള ചിറ്റൂരുള്ള വർഗ്ഗീസ് ചേട്ടനും ചേർന്ന് ഇട്ടു. എല്ലാവരും കൂടി പണി തുടർന്നു. വൈകുന്നേരമായപ്പോഴേയ്ക്കും ഒരു ദമ്പതികൾ മാത്രം അവശേഷിച്ചു. ബാക്കിയെല്ലാവരും പലപ്പോഴായി പിരിഞ്ഞുപോയിരുന്നു. പ്രായം കൂടിയ ആ ദമ്പതികൾ വെയിലത്ത് കുടയുംപിടിച്ച് കൊന്ത ചൊല്ലുകയായിരുന്നു. നിങ്ങൾ പോകുന്നില്ലേ എന്ന് ചോദിച്ചപ്പോൾ അവർ പ്രാർത്ഥനാ സഹായം ആവശ്യപ്പെട്ടു. അവർക്ക് ഒന്നരയേക്കർ വിൽക്കാനുണ്ട്. അതിന്റെ വിൽപന നടന്നാൽ പ്രാർത്ഥനാ ഹാളിന്റെ പണിക്ക് ഒരു

www.malankaralibrary.com

സംഖ്യ തരാം. അതിനുവേണ്ടി പ്രാർത്ഥിക്കണമെന്നു പറഞ്ഞു.

പിന്നീട് രണ്ടാഴ്ച കഴിഞ്ഞപ്പോൾ ഒരു ദിവസം അയാൾ വന്നു പറഞ്ഞു: “സ്ഥലം വാങ്ങാൻ ഒരു പാർട്ടി വന്നിട്ടുണ്ട്. ഇന്ന് കരാറൊപ്പിടണം. നിങ്ങളും കൂടി വരണം.” ഞാനും ജോസഫും അയാളുടെ കൂടെ പോയി. കൊച്ചി ജ്യൂസ് സ്ട്രീറ്റിലെ ഒരാളാണ് സ്ഥലത്തിന് വന്നിരിക്കുന്നത്. കരാറൊപ്പിടുന്നതിന് മുമ്പ് ഒരു ലക്ഷം രൂപ ഞങ്ങളുടെ കൈവശം നൽകണമെന്ന് സ്ഥലത്തിന്റെ ഉടമ വാങ്ങാൻ വന്നയാളിനോട് പറഞ്ഞു. അയാൾ ഒരു ലക്ഷം രൂപയുടെ ചെക്ക് തന്നു. പ്രാർത്ഥനാ ഹാളിനുള്ള ആദ്യ സംഭാവന. ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടൽ, ഞങ്ങൾ ദൈവത്തിന് നന്ദിപറഞ്ഞു.

ഷെഡ് പണിക്കായി ഡോ. കൊച്ചപ്പൻ 40 കമുക് തന്നു. 60 അടി നീളവും 30 അടി വീതിയും ഉള്ള ഷെഡ് പണിയാനാണ് തീരുമാനിച്ചിരുന്നത്. 8000 സ്ക്വയർ വിസ്തീർണ്ണമുള്ള ഷെഡ്! ഞാൻ ഉത്കണ്ഠയോടെ ബ്രദർ ജോസഫിനോട് ചോദിച്ചു. അദ്ദേഹം കണ്ണടച്ച് പ്രാർത്ഥിച്ചിട്ട് പറഞ്ഞു, ഇത്ര തന്നെ വേണമെന്നാണ് സന്ദേശം ലഭിച്ചത്. അതനുസരിച്ച് ഷെഡ് പണിയുടെ മേസ്തിരിയെക്കൊണ്ട് സാധനങ്ങളുടെ ലിസ്റ്റ് എടുപ്പിച്ചു ഇടപ്പള്ളിയിൽനിന്ന് ലിസ്റ്റ് പ്രകാരമുള്ള സാധനങ്ങൾ ഏർപാടാക്കി. ഒരാൾ കച്ചവടത്തിനായി കൊണ്ടുവന്ന ഒരു ലോഡ് ഓല അത് വിൽക്കാതെ ഞങ്ങൾക്ക് ഷെഡ് പണിക്ക് തന്നു. അങ്ങനെ 8000 സ്ക്വയർ വിസ്തീർണ്ണമുള്ള ഷെഡ് ഒരാഴ്ചകൊണ്ട് തീർന്നു.





www.malankaralibrary.com

ഇനിയുള്ള പരിപാടി ഷെഡ് വെഞ്ചരിക്കുകയാണ്. പല വൈദികരോടും ആവശ്യപ്പെട്ടിട്ട് കാര്യം നടന്നില്ല. അവസാനം ഇടപ്പള്ളി സെന്റ് ജോർജ് ദേവാലയത്തിൽ ഇക്കാര്യം ഉന്നയിച്ചപ്പോൾ അസിസ്റ്റന്റ് വികാരിയെ വിട്ടുതന്നു. അങ്ങനെ പ്രാർത്ഥനാലയം വെഞ്ചരിപ്പിച്ചു. പിറ്റേ ആഴ്ചമുതൽ ഏകദിന ശുശ്രൂഷകൾ ആരംഭിച്ചു. ശനിയാഴ്ച കാലത്ത് 9 മണിമുതൽ വൈകുന്നേരം 4 മണിവരെയായിരുന്നു ശുശ്രൂഷകൾ. ഉച്ചയ്ക്ക് എല്ലാവർക്കും കഞ്ഞിയും പയറും കൊടുത്തു. മറ്റുള്ള ദിനങ്ങളിൽ ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ വചനശുശ്രൂഷയും പ്രാർത്ഥനയും നടത്തിയിരുന്നു. നാളുകൾ കഴിയവേ പങ്കെടുക്കുന്നവരുടെ എണ്ണം വർധിച്ചുവന്നു.

എന്തുകൊണ്ടാണ് എന്റെ കൂടെ സഹായികളായി നിന്നവരൊക്കെ ഇട്ടേച്ചുപോയത്? അതുവരെ സ്ഥലം വാങ്ങാനും നികത്താനുമെല്ലാം കൂടെ നിന്നവർ. അപ്പോൾ ഞാൻ എന്റെ ആദ്യ ധ്യാനത്തിൽ ദൈവത്തോടു ചെയ്ത വാഗ്ദാനം ഓർത്തു. കർത്താവിനെ നോക്കി എന്നെത്തന്നെ സമർപ്പിച്ചതും അനേകരെ ദൈവാനുഭവത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ഞാൻ എന്നെത്തന്നെ വിട്ടുകൊടുത്തതും. അതിനുവേണ്ടി എന്തുചെയ്യാനും ഞാൻ റെഡിയാണ് എന്ന എന്റെ ഉറപ്പ്. ഒരുപക്ഷേ എനിക്കായിരിക്കും ഇതിനുള്ള വിളി ലഭിച്ചതെന്ന് ഞാൻ ഇന്നും വിശ്വസിക്കുന്നു.

ഇടദിവസങ്ങളിലെ ശുശ്രൂഷയ്ക്ക് 300-നും 500-നും ഇടയിൽ ആളുകൾ വന്നുതുടങ്ങി. ശനിയാഴ്ചയിലെ ശുശ്രൂഷയ്ക്ക് ആയിരക്കണക്കിനാളുകൾ എത്തിച്ചേരുന്നുണ്ടായിരുന്നു. എല്ലാവർക്കും ഭക്ഷണം നൽകി. ഇതിന് ആവശ്യമായിവരുന്ന അരി, പയർ, തേങ്ങ, വിറക് എല്ലാം ഓരോരുത്തരായി തന്നുകൊണ്ടിരുന്നു. തേങ്ങയും പയറുമൊക്കെ പലപ്പോഴും ഇങ്ങനെ കിട്ടിയിരുന്നു. ഷെഡ് ഓലമേഞ്ഞിട്ട് 8 മാസമേ ആയിട്ടുള്ളൂ. മഴക്കാലമായപ്പോൾ പല സ്ഥലങ്ങളിലും ചോർച്ച കണ്ടു. വലിയ ഓലഷെഡ് ആയതിനാൽ ഇത് ശരിയാക്കാൻ ഏകദേശം ഒന്നര ലക്ഷം രൂപ വേണ്ടിവരും. അപ്പോൾ സ്ഥിരം ഷെഡിനെക്കുറിച്ച് ആലോചിച്ചു. 7 ലക്ഷം രൂപ ചെലവു വരുമെന്ന് മനസ്സിലായി.

ദൈവത്തിന്റെ പദ്ധതിയാണെങ്കിൽ പണം ഒന്നിനും തടസ്സമല്ല എ

www.malankaralibrary.com

*2000 ചതുരശ്ര അടി വലിപ്പത്തിലുള്ള ഹാളാണ് നിർമ്മിക്കപ്പെട്ടത്. രാവും പകലുമായി ഏകദേശം ഒരാഴ്ച കൊണ്ട് നിർമ്മാണം പൂർത്തിയായി.*

ന്നെനിക്കുറപ്പാണ്. നിലവിലുള്ള ഷെഡിലേക്കാവശ്യമായത് പലരും സംഭാവനയായി തന്നതാണ്. പലരായി 300 കസേര, 100 കസേര, 50 കസേര, 25 കസേര, പാചകത്തിനുള്ള പാത്രങ്ങൾ എന്നിങ്ങനെ മുഴുവൻ ഉപകരണങ്ങളും പലരും തന്ന് സഹായിച്ചതാണ്. ഞാനും ജോസഫും കൂടി ആലോചിച്ച് ഒരുനാൾ പ്രാർത്ഥനാ സമൂഹത്തോട് ഇങ്ങനെ പറഞ്ഞു: "നിങ്ങൾ ആരെങ്കിലും പണം ബാങ്കിലിട്ടിട്ടുണ്ടെങ്കിൽ ഈ ദൗത്യത്തിന് കടമായിട്ടു തരിക. 6 മാസം കഴിഞ്ഞേ തിരികെ ചോദിക്കാവൂ. പലിശ തരുകയില്ല. അതിന് ദൈവത്തിനുള്ള സംഭാവനയായി കണക്കാക്കണം. തരുന്നവർക്ക് ഞങ്ങൾ രണ്ടുപേരും ഒപ്പിട്ട ബോണ്ട് പേപ്പർ തരും. ഇങ്ങനെ വായ്പ തരാൻ സന്നദ്ധതയുള്ളവർ കൈ പൊക്കുക."

ഏതാണ്ട് 30-ഓളം പേർ കൈപൊക്കി. ഏകദേശം രണ്ടുമാസംകൊണ്ട് 7 ലക്ഷം രൂപ കൈവശം വന്നു. എന്റെ അപ്പന്റെ ബന്ധുവായ ഒരാൾ 2 ലക്ഷം രൂപ തന്നതും ഞാനോർക്കുന്നു.

ഷെഡ് പണിയുന്നതിനെപ്പറ്റി ആലോചിച്ചപ്പോൾ ഇടപ്പള്ളിയിലുള്ള ഒരു സിമന്റ് ഗോഡൗണിന്റെ പണിയെപ്പറ്റി ഒരാൾ സൂചിപ്പിച്ചു. ഞങ്ങൾ അത് പോയി കണ്ടു. തൂണുകൾ അതിന് വളരെ കുറവാണ്. 33 അടി അകലത്തിലാണുള്ളത്. ആംഗിളുകൾകൊണ്ട് രൂപപ്പെടുത്തിയതാണത്. അതിന് ബ്രേസിങ്ങ് ചെയ്തിരിക്കുന്നത് കമ്പിയാണ്. ഉപയോഗിച്ചിരിക്കുന്ന സ്റ്റീൽ വളരെ കുറവും. അത് നിർമ്മിച്ച വർക്ക്ഷോപ്പുകാരെ പോയി കണ്ട് നിർമ്മാണം ഏൽപ്പിച്ചു. പിന്നീട് എല്ലാ ദിവസവും അതിന്റെ തൂണിനുള്ള കുഴികൾ എടുത്തുകൊണ്ടിരുന്നു. ദിവസവും രണ്ടോ മൂന്നോ കുഴികൾ കോൺക്രീറ്റ് ചെയ്യുമായിരുന്നു. ഇരുമ്പ് ബോൾട്ട് വച്ചാണ് വാർത്തിരുന്നത്. ഇരുമ്പു കമ്പികൊണ്ട് ആംഗിൾ രൂപത്തിൽ വെൽഡുചെയ്ത് ഷെഡിന്റെ ഫ്രെയിം ഉണ്ടാക്കി. 12000 ചതുരശ്ര അടി വലിപ്പത്തിലുള്ള ഹാളാണ് നിർമ്മിക്കപ്പെട്ടത്. രാവും പകലുമായി ഏകദേശം ഒരാഴ്ചകൊണ്ട് നിർമ്മാണം പൂർത്തിയായി.

ഒരു ശനിയാഴ്ച ശുശ്രൂഷ കഴിഞ്ഞപ്പോൾ പഴയ ഷെഡ് പൊളിക്കുന്ന കാര്യം പറഞ്ഞു. ഉടൻതന്നെ അനേകം പുരുഷന്മാർ നിലവിലുള്ള ഷെഡിന്റെ മുകളിൽ കയറി ഓലപൊളിച്ച് താഴെയിടാനാരംഭിച്ചു. ഏകദേശം ഒരു മണിക്കൂർകൊണ്ട് സർവതും

www.malankaralibrary.com

പൂർത്തിയാക്കി. താഴെ വീഴുന്ന സാധനങ്ങൾ അപ്പോൾത്തന്നെ മാറ്റിക്കൊണ്ടിരുന്നു. പിറ്റേ ദിവസം ശനിയാഴ്ച ആയപ്പോഴേയ്ക്കും പുതിയ സ്ഥിരം ഷെഡ് തയ്യാറായി. ഒരു ദിവസംപോലും ശുശ്രൂഷ മാറ്റിവയ്ക്കേണ്ടിവന്നില്ല. ഷീറ്റ് മേഞ്ഞത് പൂർണമായി തീർന്നില്ലെങ്കിലും ശനിയാഴ്ച തന്നെ ശുശ്രൂഷ നടത്തി.

ഇനി ഹാൾ ഉദ്ഘാടനം ചെയ്യണം. കേരള ഗവൺമെന്റ് ചീഫ് സെക്രട്ടറിയായ ശ്രീ. ബാബു പോൾ ഐ.എ.എസ്.നെ ക്ഷണിച്ചു. ഉദ്ഘാടനത്തിന് ധാരാളം ആളുകൾ പങ്കെടുത്തു. ഹാൾ നിറഞ്ഞ് പുറത്തേക്ക് കവിഞ്ഞു. ദൈവത്തിന്റെ ഇടപെടൽ അന്ന് അവിടെ കാണാൻ കഴിഞ്ഞു.

ശുശ്രൂഷയിൽ സംബന്ധിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു. ഉച്ചകഴിഞ്ഞ് 2.5 ചാക്ക് അരിയും 50 കിലോ ചെറുപയറും 100-ലധികം തേങ്ങയും ആവശ്യമായി വന്നു. കഞ്ഞി പാകംചെയ്യുന്നതിന് നാല് ചെറുപ്പക്കാർ നിസ്വാർത്ഥമായി കടന്നുവന്നു. വിളമ്പുന്നതിനും പാത്രം കഴുകുന്നതിനും സേവനസന്നദ്ധരായി പലരും മുന്നിട്ടിറങ്ങി. എല്ലാവരും എല്ലാം സ്വന്തമായി കരുതി പ്രവർത്തിച്ചു. ഒന്നിനും ഒരു കുറവും സംഭവിച്ചില്ല. കൊച്ചിയിലെ ധാരാളം ആത്മാക്കളുടെ രക്ഷ ദൈവം മുൻകൂട്ടി കണ്ടുകാണും.





www.malankaralibrary.com

*അച്ചൻ ഹാളിലെത്തി സ്റ്റേജിൽ കയറിയപ്പോൾ കാണുന്നത് തിങ്ങിനിറഞ്ഞ ജനക്കൂട്ടത്തെയാണ്. ഇത്രയധികം ജനം വചനത്തിനുവേണ്ടി ദാഹിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് പിന്നെ അവിടെ നടന്നത്. സ്തുതിയും വചന പ്രഘോഷണവും രോഗശാന്തി ശുശ്രൂഷയും ആയി മണിക്കൂറുകളോളം കടന്നുപോയി. ആവേശത്തോടെ ജനം പ്രാർത്ഥനയിൽ പങ്കുകൊണ്ടു*

ഹാളിന്റെ പണി തുടങ്ങുന്നതിന് മുമ്പ് ഒരു ദിവസം ബഹു. മാത്യു നായ്ക്കംപറമ്പിലച്ചൻ വന്നു പ്രാർത്ഥിച്ചിരുന്നു. അന്ന് അച്ചൻ സന്ദേശമായി പറഞ്ഞത്, വലിയ ജനക്കൂട്ടത്തെയും വലിയ ഹാളുകളും പല നിലകളിലുള്ള കെട്ടിടങ്ങളും ദർശനത്തിൽ കാണുന്നുവെന്നാണ്. ഹാൾ പണിതുകഴിഞ്ഞപ്പോൾ അച്ചനെ ഇവിടെ ശുശ്രൂഷയ്ക്കു കൊണ്ടുവരണമെന്ന് ആഗ്രഹിച്ചിരുന്നു. ഇപ്പോൾ ശുശ്രൂഷ ആരംഭിച്ചിട്ട് ഒരു വർഷത്തിലേറെയായി, എങ്ങനെയെങ്കിലും അച്ചനെ കൊണ്ടുവരണമെന്ന് തീരുമാനിച്ച് ഞാൻ മുരിങ്ങൂർക്ക് പോയി. മാതാവിന്റെ തിരുനാൾ (ഓഗസ്റ്റ് 15) വരുകയാണ്. അച്ചൻ കുറച്ചുസമയമെങ്കിലും ശുശ്രൂഷ നടത്തിയാൽ അത് വളരെ നന്നായിരിക്കും എന്നെനിക്ക് തോന്നി. അച്ചന് എറണാകുളത്ത് ഒരു ട്രാവൽ ഏജൻസിയിൽ പോകണം. പോകുന്നവഴി വളരെ കുറച്ചുസമയം ശുശ്രൂഷ ചെയ്യാമെന്നേറ്റു.

അന്ന് പോരുന്നവഴി ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു, അര മണിക്കൂറെങ്കിലും അച്ചൻ ശുശ്രൂഷ ചെയ്യണമേ എന്ന്. അച്ചൻ ഹാളിലെത്തി സ്റ്റേജിൽ കയറിയപ്പോൾ കാണുന്നത് തിങ്ങിനിറഞ്ഞ ജനക്കൂട്ടത്തെയാണ്. ഇത്രയധികം ജനം വചനത്തിനുവേണ്ടി ദാഹിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് പിന്നെ അവിടെ നടന്നത്. സ്തുതിയും വചന പ്രഘോഷണവും രോഗശാന്തി ശുശ്രൂഷയും ആയി മണിക്കൂറുകളോളം കടന്നുപോയി. ആവേശത്തോടെ ജനം പ്രാർത്ഥനയിൽ പങ്കുകൊണ്ടു. ദൈവിക ഇടപെടലുകൾ ധാരാളമായി അവിടെ ഉണ്ടായി. പേരെടുത്ത് അച്ചൻ പല സൗഖ്യങ്ങളും വിളിച്ചുപറഞ്ഞു. അച്ചന്റെ ഒപ്പം രണ്ട് കന്യാസ്ത്രീകളും വന്നിട്ടുണ്ടായിരുന്നു. വളരെ കുറച്ചു സമയം എന്നുപറഞ്ഞ് സ്റ്റേജിൽ കയറിയ അച്ചൻ മണിക്കൂറുകളായിട്ടും ഇറങ്ങുന്നില്ല. അവരവസാനം സ്റ്റേജിന്റെ സൈഡിൽ കയറിനിന്നു. അച്ചൻ അതൊന്നും അറിയുന്നില്ല. അവസാനം അച്ചന്റെ അടുത്ത് ചെന്ന് ചെവിയിൽ കാര്യം പറഞ്ഞു. മൂന്നുമണിക്ക് പോട്ടയിൽ അച്ചന് ശുശ്രൂഷയുണ്ടായിരുന്നു. പെട്ടെന്ന് ശുശ്രൂഷ നിറുത്തി അല്പം കഞ്ഞി വാങ്ങിക്കുടിച്ച് അച്ചൻ തിരിയെ പോയി. വെറും 5 മിനിറ്റ് ശുശ്രൂഷ ചെയ്യാമെന്നുപറഞ്ഞത് രണ്ടര മണിക്കൂർ നേരം നീണ്ടു. ജനങ്ങൾ വളരെയധികം സന്തോഷിച്ചു.

പിന്നീട് പലപ്പോഴായി ഏകദേശം 10 ധ്യാനങ്ങൾ നടത്തി. തിങ്കൾ

www.malankaralibrary.com

മുതൽ വെള്ളിവരെ ആയിരുന്നു ധ്യാന ദിവസങ്ങൾ. രാവിലെ 9 മണി മുതൽ വൈകീട്ട് 5 മണിവരെ ആയിരുന്നു സമയം. ധ്യാനങ്ങൾ നടത്തണമെന്ന് നിരവധി പേർ ആവശ്യപ്പെടാൻ തുടങ്ങിയിരുന്നു. ധ്യാനത്തിൽ കൊടുക്കേണ്ടുന്ന വിഷയങ്ങൾക്കനുസൃതമായി പല വ്യക്തികളെയും ക്ലാസ്സെടുക്കാൻ കണ്ടെത്തേണ്ടിയിരുന്നു. ആദ്യം നടത്തിയ ധ്യാനം ആന്തരിക സൗഖ്യ ധ്യാനമായിരുന്നു. ഏകദേശം 600 പേർ പങ്കെടുത്തു. ദമ്പതീ ധ്യാനത്തിന് 240 പേർ സംബന്ധിക്കുകയുണ്ടായി. യുവജനങ്ങൾക്കായി ധ്യാനം നടത്തിയപ്പോൾ 400 പേരാണ് സംബന്ധിച്ചത്. ക്രിസ്റ്റീൻ ധ്യാനത്തിൽ 1500 പേരും പങ്കെടുത്തു. 60 വയസ്സിൽ കൂടുതൽ പ്രായമുള്ളവർക്കായി സംഘടിപ്പിച്ച ധ്യാനത്തിൽ 65 പേരും സംബന്ധിച്ചു. ഇത്രയൊക്കെ ധ്യാനങ്ങൾ നടത്തിയെങ്കിലും കുർബാനയും കുമ്പസാരവും നടത്താൻ പറ്റിയില്ല. അതെല്ലാം പങ്കെടുക്കുന്നവരുടെ സ്വന്തം ഇടവകയിൽ ചെയ്തുകൊള്ളാനാണ് പറഞ്ഞിരുന്നത്. ധ്യാനത്തിൽ പങ്കെടുത്തവർക്ക് ധാരാളം ദൈവാനുഗ്രഹം ലഭിക്കുന്നുണ്ടായിരുന്നു. അതുകൊണ്ടായിരിക്കാം കൂടുതൽ ആളുകൾ ധ്യാനത്തിന് കടന്നുവരാൻ തുടങ്ങിയത്. പലരും ചോദിക്കാൻ തുടങ്ങിയ ഒരു കാര്യം, ധ്യാനത്തിന് വൈദികരുടെ സഹകരണമില്ലാത്തത് എന്തുകൊണ്ടാണെന്നാണ്. ഏതെങ്കിലും ബിഷപ്പിന്റെ അനുവാദം ഉണ്ടോയെന്ന് ചിലരെങ്കിലും അന്വേഷിക്കാൻ തുടങ്ങി. വരാപ്പുഴ ആർച്ച്ബിഷപ്പിനെ കാണാൻ പല പ്രാവശ്യം ശ്രമിച്ചിട്ടും നടന്നില്ല. ഒടുവിൽ വികാരി ജനറാൾ ഇങ്ങനെയൊരു നിർദ്ദേശംവച്ചു. "10 സെന്റ് സ്ഥലം ഒരു കപ്പേള പണിയാൻ അതിരൂപതയ്ക്ക് തീറ് എഴുതിക്കൊടുത്താൽ അവിടെ ഒരു കപ്പേള പണിത് ഒരച്ചനെ നിയമിക്കാം. ആ അച്ചൻ വഴി ശുശ്രൂഷയ്ക്കാവശ്യമായ വൈദികരെ കണ്ടെത്താൻ കഴിയുമല്ലോ." ഇത് വളരെ സന്തോഷം പകർന്ന കാര്യമായിരുന്നു. ഉടൻതന്നെ ഞങ്ങൾ ജനറൽബോഡി വിളിച്ചുകൂട്ടി ഇക്കാര്യം പാസ്സാക്കി. ഒരുസർവേയറെ വിളിച്ച് സ്ഥലം അളന്നുതിരിച്ചു. ഇതിന്റെ സ്കെച്ചും മിനുട്ട്സ് ബുക്കിലെ രേഖയും ഒരു അപേക്ഷയുംകൂടി ആർച്ച്ബിഷപ്സ് ഹൗസിൽ സമർപ്പിച്ചു. കാത്തിരിക്കുക എന്ന മറുപടിയാണ് ലഭിച്ചത്. ഫലംകാണാതെ വന്നപ്പോൾ നേരിട്ട് അന്വേഷിച്ചു. കൗൺസിൽ അനുവദിച്ചില്ല. അതിനാൽ നടക്കില്ലെന്നും മറുപടികിട്ടി.

ആയിടെയാണ് കണ്ണംകുന്നത്ത് ആശ്രമത്തിൽനിന്നും ഒരു വൈദികൻ ധ്യാനഹാളിൽ യാദൃച്ഛികമായി കടന്നുവരുന്നത്. ഫാ. നോ

*ധ്യാനത്തിൽ പങ്കെടുത്തവർക്ക് ധാരാളം ദൈവാനുഗ്രഹം ലഭിക്കുന്നുണ്ടായിരുന്നു. അതുകൊണ്ടായിരിക്കാം കൂടുതൽ ആളുകൾ ധ്യാനത്തിന് കടന്നുവരാൻ തുടങ്ങിയത്.*

www.malankaralibrary.com

ർബർട്ട് ഒ.സി.ഡി. ആയിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ കുടുംബത്തിൽപെട്ട ഒരു സഹോദരിയെ ചിറ്റൂരിൽ വിവാഹംചെയ്തയച്ചിരുന്നു. അവിടെ വന്നപ്പോൾ ധ്യാനകേന്ദ്രത്തെക്കുറിച്ച് മനസ്സിലാക്കാൻ നിർബന്ധമായി അവിടെ പോകാൻ ആ സഹോദരി പറഞ്ഞു. അതുകൊണ്ട് വെറുതെ ഒന്ന് സന്ദർശിക്കാൻ വന്നതാണ്. അപ്പോൾ ഞാൻ സ്റ്റേജിൽ നിൽക്കുകയായിരുന്നു. അച്ചനെ സ്വീകരിച്ച് സ്റ്റേജിന്റെ സൈഡിലുള്ള റൂമിലിരുത്തി. വൈദികരുടെ സഹായമില്ലാത്തതുകൊണ്ട് ധ്യാനകേന്ദ്രം നടത്തിക്കൊണ്ടുപോകാനുള്ള വിഷമം ഞാൻ അച്ചനെ അറിയിച്ചു. ഒ.സി.ഡി. സഭ ഇതേറ്റെടുക്കുകയാണെങ്കിൽ രണ്ടുകൂട്ടരുംകൂടി സഹകരിച്ച് മുന്നോട്ടുപോകാമെന്ന് ഞാൻ പറഞ്ഞു. അച്ചന് വളരെ സന്തോഷമായി. ഇത്രയധികം ആളുകളെ കണ്ടപ്പോൾ അച്ചന് അത്ഭുതം തോന്നി. താൻ സഭയിലെ മേലധികാരികളുമായി ഇക്കാര്യം ചർച്ച ചെയ്യാമെന്നും താൻ പരമാവധി ഇതിനുവേണ്ടി കൂടെനില്കണമെന്നും അച്ചൻ ഉറപ്പുതന്നു.

ഈ അച്ചന്റെ നിർദ്ദേശപ്രകാരം ഒരാഴ്ചയ്ക്കുശേഷം കാലടിയിലുള്ള പ്രൊവിൻഷ്യൽ ഹൗസിൽ ഞങ്ങൾ പോയി. സഭാധികാ



www.malankaralibrary.com

രികളുമായി സംസാരിച്ചപ്പോൾ ഇതേറ്റെടുക്കാൻ അവർക്ക് വളരെ താൽപര്യമാണെന്നറിയിച്ചു. എന്നാൽ തീരുമാനം വരേണ്ടത് ജനറൽ കൗൺസിലിൽവച്ചാണ്. ഉടനെതന്നെ തിരുവനന്തപുരത്ത് ജനറൽ കൗൺസിൽ കൂടുന്നുണ്ട്. അന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് സഭയുടെ ഉന്നതർ പങ്കെടുക്കുന്ന യോഗമാണത്. കൗൺസിൽ ചേർന്നപ്പോൾ ഇതേറ്റെടുക്കാനുള്ള തീരുമാനം എടുത്തു. എന്നാൽ സ്ഥലം സ്ഥിതിചെയ്യുന്ന രൂപതയുടെ അദ്ധ്യക്ഷന്റെ അനുമതി മേടിച്ചുകൊടുക്കണമെന്ന് അവരാവശ്യപ്പെട്ടു. അത് തികച്ചും അസാധ്യമാണെന്ന് ഞങ്ങൾ പറഞ്ഞു. അങ്ങനെയെങ്കിൽ അച്ചൻതന്നെ അനുമതി വാങ്ങാമെന്നു സമ്മതിച്ചു.

പിറ്റേന്നുതന്നെ എറണാകുളം അതിരൂപതാ ആസ്ഥാനത്തുചെന്ന് കരാറൊപ്പിട്ടു. ഞാനും ബ്ര. ജോസഫും ആജീവനാന്ത എക്സിക്യൂട്ടീവ് ഡയറക്ടർമാരായിരിക്കും എന്ന തീരുമാനമുണ്ടായി. പ്രാർത്ഥനാലയത്തിന്റെ ഡയറക്ടർമാരായി വൈദികരുടെ പേരുകൾ പറഞ്ഞു. ബഹു. ജോസ് ഉപ്പാണിയച്ചന്റെ പേരാണ് ഞാൻ മുന്നോട്ടുവച്ചത്. ധ്യാനകേന്ദ്രത്തിന്റെ വളർച്ചയ്ക്ക് ഏറ്റവും അനുയോജ്യമായ ഒരു വ്യക്തിയായിരിക്കുമെന്ന് അദ്ദേഹത്തെക്കുറിച്ച് എനിക്ക് ദൃഢമായ നിശ്ചയമുണ്ടായിരുന്നു. അദ്ദേഹവുമായുള്ള പരിചയത്തിൽനിന്നും ബോധ്യപ്പെട്ടതാണ്. എന്നാൽ അദ്ദേഹത്തെ വിട്ടുതരാൻ രൂപതയ്ക്ക് വിഷമമുണ്ടായിരുന്നു. അദ്ദേഹം വികാരിയായിരുന്ന വൈക്കം പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചുള്ള കരിമരുന്ന് പ്രയോഗത്തിനിടയിൽ രണ്ടുപേർ മരിച്ചിരുന്നു. അതു കേസായി. ആ കേസ് തീരാതെ വരുകയില്ലെന്നു പറഞ്ഞു. പകരമായി ചാർജെടുത്തത് ഫാ. തദേവൂസ് അരവിന്ദത്ത് ആണ്. കലൂർ റിന്യൂവൽ സെന്ററിലായിരുന്നു അദ്ദേഹം താമസിച്ചത്. ശനിയാഴ്ചത്തെ പ്രാർത്ഥനാശുശ്രൂഷകൾ പതിവുപോലെ തുടർന്നു. അച്ചൻ ശനിയാഴ്ചത്തെ ശുശ്രൂഷകൾക്കു മാത്രമാണ് ആദ്യകാലങ്ങളിൽ സംബന്ധിച്ചിരുന്നത്. ധാരാളം ആളുകൾ പങ്കെടുത്തിരുന്നതുകൊണ്ട് ഷെഡിൽ തീരെ സ്ഥലമില്ലായിരുന്നു. ആയതിനാൽ വടക്കുഭാഗത്ത് ഷെഡ് വിപുലപ്പെടുത്തണമെന്ന അഭിപ്രായം അച്ചനുമായി പറഞ്ഞു തീരുമാനിച്ചിരുന്നു. ഏകദേശം 3 ലക്ഷം രൂപാ ചെലവുവരും. അതിനുള്ള പണം എങ്ങനെ കണ്ടെത്തുമെന്ന് അച്ചൻ ചോദിച്ചു. സ്ത്രീകൾക്കുള്ള സ്ഥലമാണ് വലുതാക്കേണ്ടിയിരു

*ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകർ ചെയ്യുന്ന ജോലിയുടെ ആധിക്യം നോക്കുമ്പോൾ നല്ല വേതനം കൊടുക്കേണ്ടതാണ്. എന്നാൽ ദൈവരാജ്യത്തിനുവേണ്ടി തങ്ങളാൽ കഴിയുന്ന സേവനമാണ് അവർ നടത്തുന്നത്. അനേകർക്ക് അവർ സാക്ഷ്യമാണ്*

www.malankaralibrary.com

ന്നത്. പണത്തിന്റെ കാര്യം മാത്രമാണ് പ്രശ്നമുള്ളത്.

3 ആഴ്ചത്തേക്ക് അച്ചൻ എന്തോ പരിപാടിക്ക് പോയതായിരുന്നു. ഒരു ശനിയാഴ്ച ശുശ്രൂഷയ്ക്കിടയിൽ ജനങ്ങളോട് ഞങ്ങൾ ഇക്കാര്യമറിയിച്ചു. ആരെങ്കിലും കടമായി തന്നാൽ ഉപകാരമായിരുന്നു. സ്ത്രീജനങ്ങൾക്കിരിക്കാൻ തീരെ സ്ഥലമില്ലായിരുന്നു. പരിപാടി കഴിഞ്ഞപ്പോൾ ഒരു വ്യക്തി വന്ന് 2 ലക്ഷം രൂപ തൽക്കാലം കടമായി തരാമെന്ന് അറിയിച്ചു. ഭവന നിർമ്മാണത്തിന് സൂക്ഷിച്ചുവച്ചതാണ്. ആറുമാസം കഴിഞ്ഞിട്ട് തിരിച്ചുതന്നാൽ മതി. എത്ര മനോഹരമായിട്ടാണ് ദൈവം കാര്യങ്ങൾ നടത്തിത്തന്നത്. ഞാൻ ബോണ്ട് ഒപ്പിട്ടുകൊടുത്തു. മുൻപ് ഷെഡ് പണിതുതന്ന ആളെ വിളിച്ച് പണിയേല്പിച്ചു. പിന്നീട് ജോസ് ഉപ്പാണിയച്ചനെ ഡയറക്ടറായി നിയമിച്ചു.

ഉപ്പാണിയച്ചൻ വന്നതിനുശേഷം എന്നെ വീട്ടിൽ വന്നുകണ്ടു. ഞാനും ഭാര്യയും ഉപ്പാണിയച്ചന്റെ കൂടെ കൗൺസിലിങ്ങിന് പലയിടത്തും പോയിട്ടുള്ളതാണ്. തദേവൂസ് അച്ചൻ വരുന്നതിനു മുൻപുതന്നെ ഷെഡിന്റെ പുറകിലുള്ള 30 സെന്റ് സ്ഥലം ഒന്നര ലക്ഷത്തിന് വാങ്ങിയിരുന്നു. കൂടാതെ ഒരു 36 സെന്റിനും 57 സെന്റി നും ഒരു ലക്ഷം രൂപവീതം കൊടുത്ത് കരാറുണ്ടാക്കിയിരുന്നു. പിന്നീടും സ്ഥലംവാങ്ങാൻ കഴിഞ്ഞു. ഇപ്പോൾ 4 ഏക്കർ സ്ഥലം ധ്യാനകേന്ദ്രത്തിനുണ്ട്. പിന്നീടാണ് താമസിച്ചുള്ള ധ്യാനങ്ങൾ തുടങ്ങിയത്. അപ്പോൾ സൗകര്യം ഉണ്ടാക്കേണ്ടിവന്നു. ഇതൊന്നും രൂപതയിൽനിന്നും കിട്ടിയ പണംകൊണ്ട് കെട്ടിപ്പടുത്തതല്ല. പലിശരഹിത വായ്പയായി പലരും കൈയഴിഞ്ഞു സഹായിച്ചതിന്റെ ഫലമാണത്. ഡോർമിറ്ററി, ഡൈനിംഗ് ഹാൾ, കിച്ചൻ അടങ്ങിയ ബ്ലോക്ക് 12000 ചതുരശ്ര അടി സ്ഥലമാണ്. തിരക്ക് വർദ്ധിച്ചപ്പോൾ രണ്ട് വൈദികർകൂടി അച്ചനെ സഹായിക്കാനെത്തി. ഫാ. ജോൺ, ഫാ. ജേക്കബ് മഞ്ഞളി എന്നിവരായിരുന്നു അത്. വചനപ്രഘോഷണത്തിന് അല്മായരുടെ സഹകരണം വളരെയേറെയായിരുന്നു. ഗാനശുശ്രൂഷയ്ക്ക് നല്ലൊരു ടീമും രൂപപ്പെട്ടു.

സ്വന്തമായി മുറികളിൽ താമസിച്ച് ധ്യാനം കൂടാനുള്ളവരുടെ എണ്ണം ഗണ്യമായി വർദ്ധിക്കാൻ തുടങ്ങി. ഒരു മൂന്നുനില കെട്ടിടം പണിയേണ്ടതിന്റെ ആവശ്യകത വന്നു. പിതാവ് അനുവാദം തന്നു. ഇതിന്റെ പണിക്ക് മേൽനോട്ടം വഹിച്ചിരുന്നത് ഞാൻതന്നെയാണ്. 200 പേർക്ക് താമസിക്കുന്നതിന് 3 നില കെട്ടിടം അങ്ങനെ ഉയർന്നു. വീണ്ടും മുറികൾക്ക് കൂടുതൽ ആവശ്യം വന്നപ്പോൾ സ്ഥലം നികത്തി മറ്റൊന്നുകൂടി പണിയാനാരംഭിച്ചു. അസി. ഡയറക്ടറായിരുന്ന ജോൺസൺ കോക്കാട്ട് അച്ചൻ വളരെ മിടുക്കനായിരുന്നു. അദ്ദേഹം എല്ലാ കാര്യങ്ങളും വളരെ ചിട്ടയായി നിർവഹിച്ചിരുന്നു.

ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകർ വളരെ ആത്മാർത്ഥമായി സേവനം ചെയ്യുന്നവരായിരുന്നു. അവർ ചെയ്യുന്ന ജോലിയുടെ ആധിക്യം നോക്കുമ്പോൾ നല്ല വേതനം കൊടുക്കേണ്ടതാണ്. എന്നാൽ ദൈവരാജ്യത്തിനുവേണ്ടി തങ്ങളാൽ കഴിയുന്ന സേവനമാണ് അവർ നടത്തുന്നത്. അനേകർക്ക് അവർ സാക്ഷ്യമാണ്.

www.malankaralibrary.com

ജനം ദൈവവചനത്തനുവേണ്ടി ദാഹിക്കുന്നു. ഈ ലോക സൗഭാഗ്യങ്ങൾ അവർക്ക് ശാന്തി നൽകുന്നില്ല. ചിറ്റൂരിൽ ദൈവം പ്രസാദിക്കുന്നു. സങ്കടത്തോടെ, കണ്ണുനീരോടെ വരുന്നവർ സന്തോഷചിത്തരായി തിരിച്ചുപോകുന്നു. വന്നവർ മറ്റുള്ളവരെ ഇതറിയിക്കുന്നു. അവരും കടന്നുവരുന്നു. അങ്ങനെയാണ് ചിറ്റൂർ ധ്യാനകേന്ദ്രം പ്രശസ്തിയിലേക്കുയർന്നത്. അനേകായിരം വ്യക്തികൾ മാനസാന്തരപ്പെടാൻ ഈ കേന്ദ്രം ഇടനൽകി. ദൈവം സൗഖ്യവുമായി തങ്ങളുടെമേൽ ഇറങ്ങിവരുന്നത് അനേകർ അനുഭവിച്ചറിഞ്ഞു. അവരിൽ പലരും ഒരിക്കൽ എങ്ങനെയൊക്കെയോ ജീവിച്ചവരായിരുന്നു. ഇന്നവർക്ക് ഒരു ലക്ഷ്യമുണ്ട്. നിത്യജീവൻ നേടണമെന്ന് അവരാഗ്രഹിക്കുന്നു. വെറും ശൂന്യതയിൽനിന്നും ഇന്നത്തെ നിലയിലേക്കുള്ള വളർച്ച ജീവിക്കുന്ന ദൈവത്തിന്റെ ഉത്തമോദാഹരണമാണ്. ഒരുൾവിളിപോലെ അതിനുവേണ്ടി എന്നെയും ഉപയോഗപ്പെടുത്തി. വിളി തിരിച്ചറിഞ്ഞപ്പോൾ ഞാൻ പ്രത്യുത്തരം നൽകി. ഈജിപ്തിൽനിന്നും ഇസ്രായേൽക്കാരുടെ കാനാൻ ദേശത്തേക്കുള്ള യാത്രപോലെ സംഘർഷങ്ങളും സഹനങ്ങളും കൂടെയുണ്ടായിരുന്നു. പക്ഷേ, നയിച്ചവൻ ദൈവമായതുകൊണ്ട് ചെങ്കടലുകൾ തടസ്സമായി നിന്നില്ല. ഇന്ന് അനേകായിരം പേർക്ക് താബോർ മലയിലെ കൂടാരങ്ങളായി ചിറ്റൂർ ധ്യാനകേന്ദ്രം വിരാജിക്കുന്നു. നേർവഴി നടന്നെന്ന ആത്മവിശ്വാസത്തിൽ ഞാനും കാത്തിരിക്കുന്നു- നിത്യതയുടെ വാസസ്ഥലത്ത് എനിക്കുള്ള കൂടാരവുംതേടി.





www.malankaralibrary.com

# 1999

## ഹൃദയം മടുപ്പുപറഞ്ഞപ്പോൾ

1999-ലാണത് സംഭവിച്ചത്. ഞാൻ ധ്യാനകേന്ദ്രത്തിൽ ശുശ്രൂഷയിലായിരുന്നു. ഞങ്ങളുടെ പ്രാർത്ഥനാ കൂട്ടായ്മയിൽ ഉള്ള ലില്ലിക്കുട്ടിയുടെ ഭർത്താവ് മരിച്ചെന്ന് ഫോൺ വന്നു. അവരുടെ രണ്ട് മക്കളും അകലെയായിരുന്നു. വേഗം എത്തണമെന്ന് ലില്ലിക്കുട്ടി ആവശ്യപ്പെട്ടു. കളമശ്ശേരിയിൽ ചങ്ങമ്പുഴ നഗറിലായിരുന്നു അവരുടെ വീട്. ഞങ്ങൾ വേഗം അവി






www.malankaralibrary.com

ടെ എത്തി. മൃതദേഹം മോർച്ചറിയിലായിരുന്നു. ഭവനത്തിൽ പ്രാർത്ഥന നടത്തുന്നതിനിടയിൽ എനിക്കെന്തോ അസ്വസ്ഥത തോന്നി. നെഞ്ചിൽ വേദന ആരംഭിച്ചു. അത് ഇടതുവശത്തെ കൈയിലേക്ക് വ്യാപിച്ചു. നന്നായി വിയർക്കാനും തുടങ്ങി. ഭാര്യയെ വിളിച്ച് ഉടനെ വീട്ടിൽ പോകണമെന്ന് പറഞ്ഞു. ഹൃദയം പണിമുടക്കാൻ തുടങ്ങിയെന്ന് എനിക്ക് തോന്നി. യാതൊരാപത്തും വരാതെ കാറോടിച്ച് ഹോസ്പിറ്റലിലെത്താൻ കൃപയേകണമെന്ന് യേശുനാഥനോട് ഞാൻ പ്രാർത്ഥിച്ചു. രോഗത്തെ സംബന്ധിച്ച് ആരോടും ഒന്നും പറഞ്ഞില്ല. വീട്ടിലെത്തിയതിനുശേഷം ആശുപത്രിയിലേക്ക് പോകാൻ ഒരുങ്ങി. എനിക്കുണ്ടായ ബുദ്ധിമുട്ടുകളും മറ്റും അതേവിധത്തിൽ ഞാൻ ഭാര്യയോടു പറഞ്ഞില്ല. ഡോക്ടർ പുത്തൂരാൻ ആണ് പരിശോധിച്ചത്. ഉടൻതന്നെ ഐ.സി.യു.വിൽ പ്രവേശിപ്പിച്ചു. ഡോ. ജോർജ് തയ്യിൽ വന്ന് വിദഗ്ദ്ധ പരിശോധന നടത്തി മരുന്ന് കുറിച്ചുതന്നു. പിറ്റേന്ന് രാത്രി 12 മണിക്ക് ഡോക്ടറെ വീണ്ടും വരുത്തി. എന്റെ ഭാര്യയോടും മകനോടും ഡോക്ടർ എന്റെ ഗുരുതരാവസ്ഥ വെളിപ്പെടുത്തി. ഭാര്യ ചിറ്റൂർ ധ്യാനകേന്ദ്രത്തിലേക്ക് പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടു. യഥാർത്ഥത്തിൽ ഇത്രയും ഗുരുതരാവസ്ഥ ഉണ്ടായിരുന്നെന്ന് അന്ന് ഞാൻ അറിഞ്ഞിരുന്നില്ല. പിറ്റേന്ന് ഭാര്യ ഐ.സി.യു.വിൽ വന്ന് എനിക്ക് ജന്മദിനാശംസകൾ നേർന്നു. അപ്പോൾ ഞാൻ വിചാരിച്ചതിങ്ങനെയാണ്, ജന്മദിനമായിട്ടും എന്നെ ഐ.സി.യു.വിൽ കിടത്തുന്നത് എന്തെങ്കിലും ഗുരുതരാവസ്ഥ ആയിട്ടായിരിക്കും. എങ്കിലും ഭയപ്പെട്ടിട്ടു കാര്യമില്ലല്ലോ. ഞാനിങ്ങനെ പ്രാർത്ഥിച്ചു, “ഈശോയെ, മരണം സംഭവിക്കാനുള്ള രോഗമാണെങ്കിൽ എന്നെ പൂർണമായും ഞാൻ സമർപ്പിക്കുന്നു. എന്റെ സമയം ഇതാണെങ്കിൽ ഞാൻ വരാൻ തയ്യാറാണ്. പക്ഷെ, ഒരു കാര്യം എനിക്ക് ഉറപ്പുതരണം. എനിക്ക് സ്വർഗ്ഗം തരണം. അതിനിപ്പോൾ സാധ്യതയില്ലെങ്കിൽ സാധ്യമാകുന്ന സമയംവരെ വിട്ടുതരണം. ഞാനെന്റെ ശേഷിക്കുന്ന ജീവിതം അങ്ങേയ്ക്കായി നൽകാം.”

*എനിക്ക് സ്വർഗ്ഗം തരണം. അതിനിപ്പോൾ സാധ്യതയില്ലെങ്കിൽ സാധ്യമാകുന്ന സമയംവരെ വിട്ടുതരണം. ഞാനെന്റെ ശേഷിക്കുന്ന ജീവിതം അങ്ങേയ്ക്കായി നൽകാം*

മക്കളുടെ അവസ്ഥ എന്റെ മനസ്സിലൂടെ കടന്നുപോയി. ബുദ്ധിമുട്ടാതെ ജീവിക്കാനുള്ള വക ദൈവം തന്നിട്ടുണ്ട്. രണ്ട് ദിവസം കഴിഞ്ഞപ്പോൾ എന്നെ റൂമിലേക്ക് മാറ്റി. പിന്നെ മൂന്നു ദിവസത്തിനുശേഷം ഡിസ്ചാർജ് ആയി. അതിനുശേഷം ഇപ്പോൾ 20

www.malankaralibrary.com

കൊല്ലമായി. ആത്മീയമായി വളരാൻ കഴിഞ്ഞു. സ്വർഗ്ഗത്തേക്കാൾ മറ്റെന്താണ് നമുക്ക് വേണ്ടത്. ഭൗതിക നേട്ടത്തിനപ്പുറത്ത് നിത്യ ജീവന്റെ പാതയിലൂടെ നയിക്കാൻ എനിക്ക് പ്രേരണ തന്നത് കർത്താവാണ്. അതോർത്ത് ദൈവത്തിന് ഞാൻ എപ്പോഴും നന്ദി പറയുന്നു. ഇന്നെനിക്ക് ചെയ്ത പ്രവൃത്തികളെയോർത്ത് മനഃസാക്ഷിക്കുത്തില്ല. കുറ്റബോധമില്ല, ധാർമ്മികതയ്ക്ക് അല്പം വിട്ടുവീഴ്ച ചെയ്തിരുന്നുവെങ്കിൽ കൊച്ചിയിൽ ചില മഹാസൗധങ്ങൾ എന്റെയോ മക്കളുടെയോ പേരിലുണ്ടാകുമായിരുന്നു. എന്നാൽ അതിലുമെത്രയോ ആന്തിരക സമാധാനത്തിൽ ഞാനും മക്കളും ഇന്നും ജീവിക്കുന്നു. സമ്പത്ത് എന്നു പറയുന്നത് അതല്ലേ!



www.malankaralibrary.com

# വീട്ടു വിശേഷങ്ങൾ





"ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവന് ദൈവഭക്തി വലിയൊരു നേട്ടമാണ്. കാരണം, നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടു വന്നില്ല. ഇവിടെനിന്ന് കൊണ്ടുപോകാനും നമുക്ക് സാധിക്കുകയില്ല. ഭക്ഷണവും വസ്ത്രവുമുണ്ടെങ്കിൽ അതുകൊണ്ട് നമുക്ക് തൃപ്തിപ്പെടാം. ധനവാന്മാരാകണമെന്ന് ആഗ്രഹിക്കുന്നവർ പ്രലോഭനത്തിലും കെണിയിലും മനുഷ്യനെ അധഃപതനത്തിലേക്കും നാശത്തിലേക്കും തള്ളിയിടുന്ന നിരവധി വ്യാമോഹങ്ങളിലും നിപതിക്കുന്നു. എന്തെന്നാൽ, ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം. ധനമോഹത്തിലൂടെ പലരും വിശ്വാസത്തിൽനിന്നു വ്യതിചലിച്ചുപോകാനും ഒട്ടേറെ വ്യഥകളാൽ തങ്ങളെത്തന്നെ മുറിപ്പെടുത്താനും ഇടയായിട്ടുണ്ട്" (1 തിമോ. 6: 6-10).

നാലു മക്കളാണ് ഞങ്ങളുടെ ദാമ്പത്യവല്ലരിയിൽ വിടർന്നത്. രണ്ട് ആൺമക്കളും രണ്ട് പെൺമക്കളും. പെൺമക്കൾ രണ്ടും ബിരുദധാരികളായി. ആൺമക്കളെക്കുറിച്ചുള്ള എന്റെ സ്വപ്നം ഇതായിരുന്നു; മൂത്തയാളെ എഞ്ചിനീയറും ഇളയ ആളെ ഡോക്ടറും ആക്കണം. എന്നാൽ സംഭവിച്ചത് മറ്റൊന്നാണ്. അവർക്ക് പഠനത്തിലായിരുന്നില്ല ടാലന്റ്. എന്നാൽ ഇക്കാര്യം എന്നെ ഒരുതരത്തിലും നിരാശനാക്കിയില്ല. മറിച്ച്, ദൈവത്തിന് എന്തെങ്കിലും വേറെ പ്ലാനുണ്ടാകും. ഇന്ന് അവരിലൂടെ ദൈവം വളരെയധികം പ്രവർത്തിക്കുന്നു. ഇന്ന് അവരിലൂടെ നടക്കുന്ന ദൈവശുശ്രൂഷകൾ വളരെയധികമാണ്. ഒരുപക്ഷേ, ഡോക്ടറോ എൻജിനീയറോ ആയിരുന്നെങ്കിൽ ഈ ലോകത്തിന്റെ മക്കളായി ദൈവത്തിന് അവരെ നഷ്ടപ്പെട്ടേനെ. അവർ രണ്ടുപേരും ദൈവശുശ്രൂഷകൾ മാത്രമാണ് ചെയ്യുന്നത്. ഇന്ന് അവരുടെ കുടുംബത്തിൽ സമാധാനമുണ്ട്.

www.malankaralibrary.com



www.malankaralibrary.com





ദൈവത്തിനുവേണ്ടി വൻ കാര്യങ്ങൾ ചെയ്യാൻ അവർക്ക് കഴിയുന്നു. ദൈവമേ നന്ദി!

“വരണ്ട ഭൂമിയിൽ ജലവും ഉണങ്ങിയ നിലത്ത് അരുവികളും ഞാൻ ഒഴുക്കും. നിന്റെ സന്തതികളുടെ മേൽ എന്റെ ആത്മാവും നിന്റെ മക്കളുടെ മേൽ എന്റെ അനുഗ്രഹവും ഞാൻ വർഷിക്കും” (ഏശ. 44:3).

“കർത്താവ് നിന്റെ പുത്രരെ പഠിപ്പിക്കും; അവർ ശ്രേയസ്സ് ആർജിക്കും. നീതിയിൽ നീ സുസ്ഥാപിതയാകും; മർദനഭീതി നിന്നെ തീണ്ടുകയില്ല. ഭീകരത നിന്നെ സമീപിക്കുകയില്ല’’ (ഏശ. 54: 13–14).

“കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ അവരുമായി ചെയ്യുന്ന ഉടമ്പടി ഇതാണ്; നിന്റെ മേലുള്ള എന്റെ ആത്മാവും നിന്റെ അധരങ്ങളിൽ ഞാൻ നിക്ഷേപിച്ച വചനങ്ങളും, നിന്റെയോ നിന്റെ സന്താനങ്ങളുടെയോ അവരുടെ സന്താനങ്ങളുടെയോ അധരങ്ങളിൽനിന്ന് ഇനി ഒരിക്കലും അകന്നുപോവുകയില്ല. കർത്താവാണ് ഇത് അരുളിച്ചെയ്യുന്നത്” (ഏശ. 59: 21).

## മൂത്ത പുത്രൻ ഷാജിയുടെ കുടുംബം

ആത്മീയ ശുശ്രൂഷാ ജീവിതമാണ് ഷാജിയെ സംബന്ധിച്ചുള്ള ദൈവിക പദ്ധതി. ആദ്യമായി ഷാജി ഉണ്ടാക്കിയത് ഭക്തിഗാനങ്ങളുടെ കാസറ്റ് ആണ്. അന്ന് കിട്ടിയിരുന്ന ഏറ്റവും നല്ല പാ ട്ടുകളുടെ കാസറ്റ് ആയിരുന്നു അത്. ഡിവൈൻ ധ്യാനകേന്ദ്രത്തിൽ കൊണ്ടുപോയി ഷാജിയുടെ അവകാശം അവർക്ക് വിറ്റു. അതിന്റെ ലക്ഷത്തിലധികം കോപ്പികൾ അവർക്ക് വില്ക്കാൻ സാധിച്ചു.

www.malankaralibrary.com

വിവാഹം കഴിഞ്ഞതിനുശേഷം ഷാജി എന്റെ കൺസ്ട്രക്ഷൻ വർക്കിൽ ചേർന്ന് രണ്ട് വർക്ക് ചെയ്തതിൽ അവന് പ്രത്യേക കഴിവും താൽപര്യവും ഉണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. നല്ല കാഴ്ചപ്പാടും കഴിവും ഉണ്ടെന്നു മനസ്സിലായി. അവൻ ചെയ്ത പണികളുടെ ഉടമസ്ഥർ പണിയെ പ്രശംസിച്ചു പറഞ്ഞു. ഞങ്ങൾ എല്ലാവരുംകൂടി ഫാ. മാത്യു നായ്ക്കംപറമ്പിലച്ചന്റെ അടുക്കൽ പ്രാർത്ഥിക്കുവാനായി പോയി. ഷാജിയുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു പറഞ്ഞു: ഇവൻ ദൈവവേലയ്ക്കായി വിളിക്കപ്പെട്ടവനാണ്. നിങ്ങൾ കച്ചവടത്തിനായി ഇരുത്തുന്നുവോ? ഞങ്ങൾ എല്ലാവരും ചിരിച്ചു.

“കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ അവരുമായി ചെയ്യുന്ന ഉടമ്പടി ഇതാണ്; നിന്റെ മേലുള്ള എന്റെ ആത്മാവും നിന്റെ അധരങ്ങളിൽ ഞാൻ നിക്ഷേപിച്ച വചനങ്ങളും നിന്റെയോ നിന്റെ സന്താനങ്ങളുടെയോ അവരുടെ സന്താനങ്ങളുടെയോ അധരങ്ങളിൽനിന്ന് ഇനി ഒരിക്കലും അകന്നുപോവുകയില്ല. കർത്താവാണ് ഇത് അരുളിച്ചെയ്യുന്നത്” (ഏശ. 59: 21).

ഷാജി എന്നോടു പറഞ്ഞു, അവൻ ജീസസ് യൂത്തിൽ ഫുൾടൈമർ ആയി ഒരു കൊല്ലം സേവനം ചെയ്യാൻ പോകുകയാണ്. അതിനുപോയി. പിന്നീട് ഒരുകൊല്ലംകൂടി നീട്ടി. ഒടുവിൽ തോമസ് പോളിന്റെ ടീമിൽ ചേർന്നു. ഇന്നും ആ ടീമിൽ ശുശ്രൂഷ ചെയ്യുന്നു. ദൈവവേലയ്ക്ക് എന്നുപറഞ്ഞത് ഇന്ന് നിറവേറിക്കൊണ്ടിരിക്കുന്നു. ബ്രദർ തോമസ് പോളിന്റെ ശുശ്രൂഷ വിദേശത്തും വടക്കേ ഇന്ത്യയിലും തുടർച്ചയായി നടക്കുകയാണ്. എല്ലായിടത്തേക്കും ഷിമ്മിയും കൂടെ പോകുന്നു. രണ്ടുപേരും ചേർന്ന് ശുശ്രൂഷയിൽ പങ്കെടുക്കുന്നു. വിദേശത്ത് പല രാജ്യങ്ങളിലും നിത്യാരാധന സ്ഥാപിച്ച് 3 മാസം അവിടെ സ്ഥിരമായി നിൽക്കും. ഇവർ പോരുമ്പോൾ അവിടെയുള്ളവർതന്നെ ആ ശുശ്രൂഷ ഏറ്റെടുക്കും. അപ്പോൾ ഇവർ മറ്റൊരു സ്ഥലത്തേക്ക് പോകും. കൂടാതെ ശുശ്രൂഷയിൽ പാട്ടുപാടാൻ, സി.ഡി. റെക്കോഡ് ചെയ്യാൻ, ധ്യാനങ്ങളിൽ സങ്കീർത്തനം ഒന്നും മാറ്റംവരുത്താതെ ട്യൂൺചെയ്യാനൊക്കെ സഹായിക്കുന്നു. യാത്രയ്ക്ക് വി



www.malankaralibrary.com

മാന ടിക്കറ്റ്, ഭക്ഷണം എന്നിവ മാത്രം സ്വീകരിക്കും. ദൈവവേല എന്ന അച്ചന്റെ പ്രവചനം നിറവേറിക്കൊണ്ടിരിക്കുന്നു.

എറണാകുളത്ത് ഞങ്ങൾ താമസിക്കുന്ന വീടിന് 35 കൊല്ലം പഴക്കം ഉണ്ടായിരുന്നു. അതുകൊണ്ട് ഒരു കമ്പനിയുമായി പങ്കാളിത്തത്തോടെ ഫ്ളാറ്റ് പണിയാൻ എഗ്രിമെന്റ് വച്ചു. ഫ്ളാറ്റ് പണി കഴിഞ്ഞ ഉടനെ രണ്ട് മക്കളുടേയും വിവാഹം നല്ല രീതിയിൽ നടത്തി. ഷാജിയുടെയും ഷിമ്മിയുടെയും ദൈവവേലയ്ക്ക് ദൈവം കൊടുത്ത അനുഗ്രഹം. ഷാജിയുടെ മക്കൾ മൂത്തയാൾ ഗ്രേസ് മേരി. ഭർത്താവ് നോബി. അവർക്ക് മൂന്ന് മക്കൾ: ജോൺ, ജിയാന, ജിസേൽ. ഇളയ മകൾ റോസ്മേരി. ഭർത്താവ് സുനീഷ്. അവർക്ക് രണ്ട് മക്കൾ: ഈത്തൻ, ഇലായ്.

ഞങ്ങൾ ഷാജിയുടെയും ഷിമ്മിയുടെയും കൂടെ അവരുടെ സന്തോഷത്തിൽ പങ്കുചേർന്ന് ഒന്നിച്ചു ജീവിക്കുന്നു.

"എനിക്ക് ദയ തോന്നുന്നവരോട് ഞാൻ ദയ കാണിക്കും; എനിക്ക് അനുകമ്പ തോന്നുന്നവരോട് അനുകമ്പയും എന്ന് അവിടന്ന് മോശയോട് അരുളിച്ചെയ്യുന്നു. അതുകൊണ്ട് മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം" (റോമ. 9: 15-16).



## ഇളയ മകൻ മാർട്ടിന്റെ കുടുംബം



www.malankaralibrary.com





മാർട്ടിൻ ചെയ്ത ദൈവശുശ്രൂഷകളിൽ പ്രധാനപ്പെട്ടത് പി.ഒ.സി.ക്കുവേണ്ടി വിശുദ്ധ ഗ്രന്ഥം ഓഡിയോ രൂപത്തിലാക്കി. റേഡിയോ നാടകം കേൾക്കുന്നതുപോലെ സമ്പൂർണ്ണ ബൈബിൾ കേൾക്കാവുന്ന ഒരു പദ്ധതിയായിരുന്നു അത് (Dramatised version of the Bible). പിന്നീട് YOUCAT (കത്തോലിക്കാസഭ യുവജനങ്ങൾക്കായി തയ്യാറാക്കിയ മതബോധന ഗ്രന്ഥം) അതിന്റെയും ഓഡിയോ തയ്യാറാക്കി. കൂടാതെ വിശുദ്ധ ഫൗസ്റ്റീനയുടെ ഡയറിക്കുറിപ്പുകൾ ഓഡിയോ രൂപത്തിലാക്കി (Dramatised version). വിശ്വാസവഴിയിലെ സംശയങ്ങൾ എന്ന പുസ്തകം ഓഡിയോ ആക്കി. മാർട്ടിനും ഭാര്യ മേരിയും ഏഞ്ചൽസ് ആർമി മിനിസ്ട്രിയിൽ സജീവമായി പ്രവർത്തിക്കുന്നു.

അഞ്ച് മക്കൾ. മൂത്ത മകൻ മനു ആർക്കിടെക്ടായി സ്വന്തമായി പ്രാക്ടീസ് ചെയ്യുന്നു. ഭാര്യ എൽറിയാ (Musician) നവീകരണ രംഗത്ത് പ്രവർത്തിക്കുന്ന എൽവിസ് കോട്ടൂരാന്റെ മൂത്ത മകൾ. രണ്ടാമത്തെ മകൾ മെറിൻ ബി.ഡി.എസ്. ഫൈനൽ ഇയറിന് പഠിക്കുന്നു. മൂന്നാമൻ മാത്യു 12-ലും നാലാമൻ മാർക്കസ് 10-ലും 5-ാമത്തെ മകൾ മെലിസ 5-ാം ക്ലാസ്സിലും പഠിക്കുന്നു.

## പെൺമക്കളുടെ വിശേഷങ്ങൾ

മൂത്ത മകൾ ഷാലറ്റ്. ഭർത്താവ് ജോർജ് ജോസഫ് (ജോയി) മസ്ക്കറ്റിൽ ഇവന്റ് മാനേജ്മെന്റ് കമ്പനി നടത്തുന്നു. അവർക്ക് ഒരു മകൾ ഷാമിൻ. ഭർത്താവ് മിഥുൻ മൈക്കിൾ

രണ്ടാമത്തെ മകൾ മിനി. ഭർത്താവ് ജോൺബോസ്ക്കോ (ജോണി) ടിമ്പർ ബിസിനസ് ചെയ്യുന്നു. മക്കൾ: വിനു, ഭാര്യ നിക്കിത (അവർക്ക് ഒരു ആൺകുഞ്ഞ് ജനിച്ചു) നിഖിൽ. ഭാര്യ പിങ്കി

www.malankaralibrary.com







www.malankaralibrary.com

# എന്റെ പ്രിയതമയെക്കുറിച്ച്

എനിക്ക് എന്റെ ജീവിതം ഇവിടെ ഇങ്ങനെ എഴുതുവാൻ സാധിച്ചത് എന്റെ പ്രിയതമ ഗ്രേസിയുടെ പിന്തുണ ഒന്നുകൊണ്ടുമാത്രമാണ്. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ദൈവാനുഗ്രഹം എന്റെ ഭാര്യയാണ്. ഒരു ഭർത്താവിനോട് ഭാര്യ എങ്ങനെയായിരിക്കണം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഗ്രേസി. എന്റെ മദ്യപാനം ഗ്രേസിയെ ഒത്തിരി വേദനിപ്പിച്ചിരുന്നു. എങ്കിലും ഒരിക്കൽ പോലും എന്നെ കുറ്റപ്പെടുത്താതെ എനിക്കുവേണ്ടി പ്രാർത്ഥിക്കുക മാത്രം ചെയ്തു.

പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ പറഞ്ഞതുപോലെ "പരസ്പരം സ്നേഹിക്കുക എന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്" (റോമാ. 13:8). ഇത് അക്ഷരാർത്ഥത്തിൽ ജീവിച്ച ഒരു വ്യക്തിയാണ് ഗ്രേസി. അത് മക്കൾ തമ്മിലുള്ള ബന്ധമാണെങ്കിലും അയല്ക്കാരോടും സഹോദരീ സഹോദരന്മാരോടും ബന്ധുമിത്രാദികളോടും വീട്ടിൽ സഹായത്തിനായി നിൽക്കുന്ന ജോലിക്കാരോടും എല്ലാവരോടും യാതൊരു വേർതിരിവുമില്ലാതെ ഗ്രേസിക്ക് പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ ജീവിക്കാൻ സാധിച്ചു.

എന്റെ ജീവിതത്തെക്കുറിച്ച് ഒന്നുകൂടെ പറയട്ടെ... ഞാൻ നവീകരണത്തിൽ വന്നതിനുശേഷം കൺസ്ട്രക്ഷൻ വർക്ക് നിർത്തി എന്നു പറഞ്ഞല്ലോ. ദൈവം എന്റെ ജീവിതത്തിൽ ചെയ്ത മറ്റൊരു അത്ഭുതം ഞാൻ നിർത്തിയിടത്തുതന്നെയാണ് ഇപ്പോഴും നിൽക്കുന്നത്. (ലോഡ്ജ് കഴിഞ്ഞ 8 വർഷം മുമ്പുവരെ നടത്തിയതൊഴിച്ചാൽ). ഞങ്ങളുടെ രണ്ട് കുടുംബങ്ങ



www.malankaralibrary.com

ളും ദൈവപരിപാലനയിൽ ഇക്കാലമത്രയും ജീവിച്ചു.

ദൈവത്തിന് സ്തുതി, സ്തോത്രം. ആമ്മേൻ.

കടന്നുപോയ കാലത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ദൈവം എന്റെ ജീവിതത്തിൽ പ്രവർത്തിച്ച വിസ്മയനീയമായ അനുഭവങ്ങൾ അവിടുത്തെ കരുതലിന്റെ, വഴിനടത്തലിന്റെ ഒന്നാംതരം പാഠങ്ങളാണ്. ഒരു പിഞ്ചു കുഞ്ഞിനെയെന്നവണ്ണം അവിടന്ന് കരംപിടിച്ച് മുന്നോട്ടുനയിച്ച ചേതോഹരമായ നിമിഷങ്ങൾ കൃപയുടെ മഴപ്പെയ്ത്തായിരുന്നുവെന്ന് തിരിഞ്ഞുനോക്കുമ്പോൾ വ്യക്തമാകുന്നു. ഒന്നും മറക്കാനുള്ളതല്ല. കാരണം, കർത്താവാണ് വഴി നടത്തിയത്. അല്ലെങ്കിൽ എത്തിച്ചേരുമായിരുന്ന ഇടം ഇവിടെയാകണമെന്നില്ലായിരുന്നു. എന്നാൽ, കൃഷിക്കാരൻ കീറിത്തന്ന ചാലിലൂടെ ജീവിതമാകുന്ന ജലമൊഴുകിപ്പോയ വഴി അനേകം സസ്യങ്ങളെ അത് മുളപ്പിച്ചു. അവയെല്ലാം ഫലംചൂടി നിൽക്കുമ്പോൾ കൈവരുന്ന ആത്മസംതൃപ്തി അവാച്യമാണ്. സംതൃപ്തി ലഭിച്ചവന് നഷ്ടബോധമില്ല. ഇനിയൊന്നും വേണമെന്നുമില്ല. ലോകം പറയും, ഇനിയും നേടാമായിരുന്നു. അംബരചുംബികൾ കൈവശമാക്കാമായിരുന്നു.

*“എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസ സ്ഥലങ്ങളുണ്ട്” (യോഹ. 1:2). അതേ, അതിലൊന്നും എനിക്കും അവകാശപ്പെട്ടതാണ്, അതാണെന്റെ ലക്ഷ്യവും*

ഭൗതിക സമൃദ്ധിയെ ജീവിത നേട്ടത്തിന്റെ അളവുകോലായി കരുതുന്ന ലോകത്ത് എന്റെ എളിയ ജീവിതം പാഴായിപ്പോയെന്ന് ചിലർ വിധിയെഴുതിയേക്കാം. എന്നാൽ ജീവിതവിജയത്തിന്റെ അളവുകോൽ വിധിക്കുന്നത് ഓരോരുത്തരുടേയും മനഃസാക്ഷിയാണ്. അതിലെനിക്ക് ഒട്ടും പരിഭവിക്കാൻ ഇടയില്ല. എങ്കിലും പരമ കാരുണികനായ ദൈവത്തിന്റെ വിധിക്ക് എന്നെത്തന്നെ ഞാൻ വിട്ടുകൊടുക്കുന്നു. അവിടത്തെ രാജ്യത്തിൽ എനിക്കും ഒരു വാസ സ്ഥലമുണ്ടാകണമെന്ന് ഞാനാഗ്രഹിക്കുന്നു. ഈശോ പറഞ്ഞു: “എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസ സ്ഥലങ്ങളുണ്ട്” (യോഹ. 1:2). അതേ, അതിലൊന്നും എനിക്കും അവകാശപ്പെട്ടതാണ്, അതാണെന്റെ ലക്ഷ്യവും.

“കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി (ജറെമി. 29: 11).